2025 FEBRUARY
25
TUESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# കനത്ത ഇടിവ്, സെൻസെക്സ് 856.65 പോയിൻറ് ഇടിഞ്ഞു

**കൊച്ചി:** അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ വ്യാപാര യുദ്ധ നീക്കവും ആഗോള രാഷ്ട്രീയ വെല്ലുവിളികൾക്കുമൊപ്പം വിദേശ നിക്ഷേപ സ്ഥാപനങ്ങൾ വിൽപ്പന സമ്മർദം വർധിപ്പിച്ചതോടെ ഇന്ത്യൻ ഓഹരി വിപണി മൂക്കുകുത്തി.

ബോംബെ ഓഹരി സൂചികയായ സെൻസെക്സ് 856.65 പോയിൻറ് ഇടിഞ്ഞ് 74,454.41ൽ അവസാനിച്ചു. ദേശീയ സൂചികയായ നിഫ്റ്റി 242.55 പോയിൻറ് നഷ്ടവുമായി 22,553.35 ൽ വ്യാപാരം പൂർത്തിയാക്കി. എഫ്എംസിജി, ഫാർമ, ഐടി മേഖലകളിലെ ഓഹരികളാണ് ഇന്നലെ കനത്ത തകർച്ച നേരിട്ടത്.

അമേരിക്കൻ സാമ്പത്തിക മേഖലയുടെ സ്ഥിരത സംബന്ധിച്ച് ആശങ്കകൾ ഏറിയതോടെ കയറ്റുമതി ബന്ധിത മേഖലകളിലെ കമ്പനികൾ വിൽപ്പന സമ്മർദം നേരിട്ടു. വിപ്രോ, ടിസിഎസ്, ടെക് മഹീന്ദ്ര, മഹീന്ദ്ര ആൻഡ് മഹീന്ദ്ര, നെസ്‌ലെ, ഐടിസി എന്നിവയാണ് തിരിച്ചടി നേരിട്ട പ്രധാന ഓഹരികൾ.



ട്രംപ് ഭരണകൂടത്തിൻറെ നടപടികൾ അമെരിക്കൻ സാമ്പത്തിക മേഖലയെ കടുത്ത മാന്ദ്യത്തിലാക്കുമെന്ന ആശങ്ക ശക്തമാണ്. കാനഡ, മെക്സിക്കോ, ചൈന തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ഉത്പന്നങ്ങൾക്ക് ഉയർന്ന തീരുവ ഏർപ്പെടുത്താനുള്ള നീക്കം നാണയപ്പെരുപ്പം കൂടാനിടയാക്കും. അതിനാൽ ഈ വർഷം ഫെഡറൽ റിസർവ് മുഖ്യ പലിശ നിരക്കിൽ കാര്യമായ കുറവ് വരുത്തില്ലെന്നാണ് വിലയിരുത്തുന്നത്.

ഇതോടെ ലോകത്തിലെ പ്രമുഖ നാണയങ്ങൾക്കെതിരേ ഡോളർ ദുർബലമായി.

എങ്കിലും വിദേശ നിക്ഷേപകർ ഇന്ത്യൻ വിപണിയിൽ നിന്ന് പണം വൻതോതിൽ തിരിച്ചു കൊണ്ടുപോയതോടെ ഡോളറിനെതിരേ രൂപയുടെ മൂല്യത്തിൽ നാല് പൈസയുടെ ഇടിവുണ്ടായി.

ഫെബ്രുവരി മാസത്തിൽ ഇതുവരെ 27000 കോടി രൂപയാണ് വിദേശ നിക്ഷേപ സ്ഥാപനങ്ങൾ ഇന്ത്യയിൽ നിന്ന് പിൻവലിച്ചത്. ആഭ്യന്തര നിക്ഷേപ സ്ഥാപനങ്ങൾ വലിയ തോതിൽ പണമൊഴുക്കുന്നുണ്ടെങ്കിലും വിപണിയിൽ തകർച്ച ഒഴിവാക്കാൻ കഴിയുന്നില്ല.

# തട്ടിപ്പുകാരിൽനിന്ന് പിടിച്ചെടുത്തത് 92.25 ലക്ഷം; 89.75 ലക്ഷം ഇരയായവർക്ക് വിതരണം ചെയ്ത് ഇ.ഡി

**കൊച്ചി:** കുറ്റവാളികളിൽനിന്നു പിടിച്ചെടുത്ത സ്വത്ത് സംസ്ഥാനത്ത് ആദ്യമായി തട്ടിപ്പിനിരയായവർക്കു വിതരണം ചെയ്ത് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി). തിരുവനന്തപുരം കാരക്കോണം മെഡിക്കൽ കോളജ് അധികൃതർക്കെതിരെ കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമ (പിഎംഎൽഎ) പ്രകാരം റജിസ്റ്റർ ചെയ്ത കേസിലാണ് ഇ.ഡി നടപടി. മെഡിക്കൽ കോളജിൽ സീറ്റ് വാഗ്ദാനം ചെയ്ത് 28 വിദ്യാർഥികളുടെ മാതാപിതാക്കളിൽനിന്ന് 7.22 കോടി രൂപ കൈപ്പറ്റിയിട്ടും സീറ്റ് നൽകിയില്ല എന്ന കേസിൽ കഴിഞ്ഞ മേയിൽ ഇ.ഡി കുറ്റപത്രം സമർപ്പിച്ചിരുന്നു.

കേസിന്റെ അന്വേഷണത്തിനിടിയിൽ പിടിച്ചെടുത്ത 92.25 ലക്ഷം രൂപയിൽ 89.75 ലക്ഷം രൂപ പണം നഷ്ടപ്പെട്ട എട്ടു പേരിൽ ആറു പേർക്കായി കൈമാറി. ഒരാൾക്ക് 60 ലക്ഷം രൂപ, രണ്ടു പേർക്ക് എട്ടു ലക്ഷം രൂപ വീതം, രണ്ടു പേർക്ക് അഞ്ചു ലക്ഷം രൂപ വീതം, ഒരാൾക്ക് 3.75 ലക്ഷം എന്നിങ്ങനെയാണ് ഇന്ന് ഇ.ഡി ആസ്ഥാനത്തു നടന്ന ചടങ്ങിൽ ഡപ്യൂട്ടി ഡയറക്ടർമാരായ എസ്.സിമി, രാധാകൃഷ്ണൻ, വിനോദ് എന്നിവർ കൈമാറിയത്.

സാമ്പത്തിക കുറ്റകൃത്യങ്ങൾക്കെതിരെ കടുത്ത നിലപാടാണു സ്വീകരിക്കുന്നതെന്ന് ഇ.ഡി ഉദ്യോഗസ്ഥർ പറഞ്ഞു. അതേസമയം, ഇരകളായ ആളുകൾക്കു പണം തിരികെ നൽകാനും ഇ.ഡി ശ്രമിക്കുന്നുണ്ട്. അതിന്റെ ഭാഗമായാണ് കാരക്കോണം കേസിൽ പണം നഷ്ടപ്പെട്ടവർക്ക് തിരികെ നൽകുന്നതെന്നും ഇവർ പറഞ്ഞു. കരുവന്നൂർ ബാങ്ക് തട്ടിപ്പു കേസിൽ 128 കോടിയോളം രൂപ കണ്ടുകെട്ടിയിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. ഈ പണം ബാങ്ക് വഴി തിരികെ നൽകാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി പല തവണ ബാങ്കിനെ ബന്ധപ്പെട്ടെങ്കിലും മറുപടിയൊന്നും ലഭിച്ചിട്ടില്ല.

അതിനാൽ ബാങ്ക് വഴി നിക്ഷേപകർക്കു പണം തിരിച്ചു നൽകുന്നതിനായി കോടതിയെ സമീപിക്കുമെന്നും ഉദ്യോഗസ്ഥർ പറഞ്ഞു. കരുവന്നൂർ കേസിൽ രണ്ടാംഘട്ട കുറ്റപത്രം ഉടൻ സമർപ്പിക്കും കണ്ടല ബാങ്ക് തട്ടിപ്പ് കേസിലും സമാന നടപടികൾ നടക്കുന്നു. പോപ്പുലർ ഫിനാൻസ് കേസിൽ 60 കോടിയുടെ സ്വത്ത് ഇഡി കണ്ടുകെട്ടിയിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ വ്യക്തമാക്കി.

ഹൈറിച്ച് കേസിൽ കുറ്റപത്രം സമർപ്പിക്കുകയും സ്വത്ത് കണ്ടുകെട്ടുകയും ചെയ്തിട്ടുണ്ട്. ബഡ്സ് അതോറിറ്റിയും ഇവരുടെ സ്വത്ത് കണ്ടുകെട്ടിയിട്ടുണ്ട്. ഇ.ഡി കണ്ടുകെട്ടിയ സ്വത്തും ബഡ്സ് അതോറിറ്റിയോട് ഏറ്റെടുക്കാൻ നിർദേശിച്ചിരുന്നെങ്കിലും മറുപടി ലഭിച്ചില്ലെന്നും ഉദ്യോഗസ്ഥർ വ്യക്തമാക്കി. കൊടകര കുഴൽപ്പണക്കേസിൽ പ്രതികളുടെ 12.88 ലക്ഷത്തിന്റെ സ്വത്ത് മരവിപ്പിച്ചു എന്നും ഇ.ഡി ഉദ്യോഗസ്ഥർ പറഞ്ഞു.

# കിസാൻ സമ്മാൻ നിധി: 22,000 കോടി കൂടി നല്കി; കർഷകർക്ക് ഇതിനകം ലഭിച്ചത് മൂന്നര ലക്ഷം കോടി

**ന്യൂദൽഹി:** പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധിയുടെ 19ാം ഗഡുവായ 22,000 കോടി രൂപ രാജ്യത്തെ 10 കോടി കർഷകർക്കു പ്രധാനമന്ത്രി നരേന്ദ്ര മോദി കൈമാറി. ഇതോടെ കേന്ദ്ര സർക്കാർ രാജ്യത്തെ കർഷകർക്കു കൊടുത്തതു മൂന്നര ലക്ഷം കോടി രൂപയായി. പിഎംകിസാൻ പദ്ധതി ആറു വർഷം പൂർത്തിയാക്കിയ വേളയിൽ ഇന്നലെ ബിഹാർ ഭഗൽപൂരിലെ ചടങ്ങിലാണ് പ്രധാനമന്ത്രി പദ്ധതിയുടെ 19ാം ഗഡു വിതരണം ചെയ്തത്. 2.41 കോടി സ്ത്രീ കർഷകർ ഉൾപ്പെടെ 9.8 കോടിയിലധികം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് പണം നല്കിയത്. ഒക്ടോബറിൽ 18ാം ഗഡുവായി 9.4 കോടി കർഷകർക്ക് 20,000 കോടി രൂപ നല്കിയിരുന്നു. രണ്ടായിരം വീതമുള്ള മൂന്നു ഗഡുക്കളായി വർഷം 6000 രൂപയാണ് കേന്ദ്രം കർഷകരുടെ അക്കൗണ്ടുകളിലേക്കു നേരിട്ടെത്തിക്കുന്നത്.

പ്രധാനമന്ത്രി എക്സിലൂടെ രാജ്യത്തെ കർഷകർക്ക് അഭിനന്ദനങ്ങൾ നേർന്നു. പിഎംകിസാന്റെ ആറു വർഷം പൂർത്തിയാക്കിയതിനു രാജ്യമെമ്പാടുമുള്ള കർഷക സഹോദരീ സഹോദരന്മാർക്കു ഞാൻ അഭിനന്ദനങ്ങൾ നേരുന്നു. ഇതുവരെ ഏകദേശം 3.5 ലക്ഷം കോടി രൂപ കർഷകരുടെ അക്കൗണ്ടുകളിൽ നേരിട്ടെത്തിയെന്നതിൽ എനിക്ക് അതിയായ സംതൃപ്തിയും അഭിമാനവുമുണ്ട്. ഈ ശ്രമം കർഷകർക്കു സമൃദ്ധിയും പുതിയ ശക്തിയും നല്കുന്നെന്നും അദ്ദേഹം എക്സിൽ കുറിച്ചു.

# സെൻസസിന്റെ അടിസ്ഥാനത്തിൽ വാർഡ് പുനർവിഭജനത്തിന് സർക്കാരിന് അധികാരമുണ്ട്: ഹൈക്കോടതി

**കൊച്ചി:** എട്ടു മുനിസിപ്പാലിറ്റികളിലും ഒരു പഞ്ചായത്തിലും സർക്കാർ നടത്തിയ വാർഡ് വിഭജന നടപടി ഹൈക്കോടതി ശരിവച്ചു. ഇതു സംബന്ധിച്ച സിംഗിൾ ബെഞ്ച് ഉത്തരവ് റദ്ദാക്കിക്കൊണ്ടാണ് ജസ്റ്റിസുമാരായ എ. മുഹമ്മദ് മുഷ്താഖ്, പി. കൃഷ്ണകുമാർ എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്. അവസാനം നടന്ന സെൻസസിന്റെ അടിസ്ഥാനത്തിൽ വാർഡ് പുനർവിഭജനം നടത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ടെന്ന് ചൂണ്ടിക്കാട്ടിയാണ് ഉത്തരവ്.

കണ്ണൂരിലെ മട്ടന്നൂർ, പാനൂർ, ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റികളിലും കോഴിക്കോട്ടെ മുക്കം, കൊടുവള്ളി, പയ്യോളി, ഫറോക്ക്, മുനിസിപ്പാലിറ്റികളിലും പാലക്കാട്ടെ പട്ടാമ്പി മുനിസിപ്പാലിറ്റിയിലും കാസർകോട്ടെ പടന്ന പഞ്ചായത്തിലും നടത്തിയ വാർഡ് വിഭജനം നിയമവിരുദ്ധമെന്ന് ചൂണ്ടിക്കാട്ടിയാണ് കഴിഞ്ഞ ഡിസംബറിൽ ഹൈക്കോടതി സിംഗിൾ ബെഞ്ച് വിധി പുറപ്പെടുവിച്ചത്. ഇതോടെ വാർഡ് എണ്ണം വർധിപ്പിക്കാൻ കൊണ്ടുവന്ന നിയമ ഭേദഗതിയും സർക്കാർ വിജ്ഞാപനവും ഡീലിമിറ്റേഷൻ കമ്മിഷന്റെ വാർഡ് വിഭജന മാർഗരേഖയും കോടതി അസാധുവാക്കിയിരുന്നു.

വാർഡ് വിഭജന നടപടികൾക്കെതിരെ യുഡിഎഫ് പ്രാദേശിക നേതാക്കളും നാട്ടുകാരും നൽകിയ ഒരു കൂട്ടം ഹർജികളായിരുന്നു സിംഗിൾ ബെഞ്ചിനു മുൻപാകെ ഉണ്ടായിരുന്നത്. പുതിയ സെൻസസ് 2025ൽ നടക്കാനിരിക്കെ ഈ ഘട്ടത്തിൽ പുനർനിർണയം നടത്തുന്നത് സ്വേച്ഛാപരവും അനാവശ്യവും സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതുമാണെന്നായിരുന്നു ഹർജിക്കാരുടെ വാദം. മുനിസിപ്പാലിറ്റികളിൽ മട്ടന്നൂർ ഒഴിച്ചുള്ളവ 2011ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ 2015ൽ രൂപീകരിച്ചവയാണ്.



# സൗജന്യ ഹൃദയ ശസ്ത്രക്രിയ : ചരിത്രത്തിലേക്ക് ചുവട് വെച്ച് ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി ചരിത്രം കുറിക്കുന്നു

**കൊച്ചി:** സൗജന്യ ഹൃദയ ശസ്ത്രക്രിയകൾ നടത്തി കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി ഹൃദ്രോഗ ചികിത്സാ രംഗത്ത് പുതിയ ചരിത്രം സൃഷ്ടിക്കുന്നു. ഒമ്പതു മാസം കൊണ്ട് 100 ഹൃദ്രോഗികൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയകൾ നടത്തിതിനു പിന്നാലെ ചിക്കിംഗ് ഹാർട്ട് കെയർ പദ്ധതിയുമായി സഹകരിച്ചുകൊണ്ട് 100 ഹൃദ്രോഗികൾക്ക് കൂടി ഇന്ദിരാഗാന്ധി ആശുപത്രി സൗജന്യ ഹൃദയ ശസ്ത്രക്രിയകൾ നടത്തുകയാണെന്ന് ആശുപത്രി ഭരണ സമിതി സെക്രട്ടറി അജയ് തറയിൽ, വൈസ് പ്രസിഡന്റ് അഡ്വ.ബി.എ.അബ്ദുൾ മുത്തലിബ്,ചിക്കിംഗ് (മാൻസൂർ ഫുഡ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്) മാനേജിംഗ് ഡയക്ടർ എ.കെ.മൻസൂർ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ചിക്കിംഗ് ഹാർട്ട് കെയർ പദ്ധതി വഴിയാണ് അർഹരായ രോഗികളെ കണ്ടെത്തുന്നത്. അപേക്ഷകൾ സ്വീകരിക്കുന്നതിനായി ചിക്കിംഗിന്റെ പാലാരിവട്ടത്തെ ബിൽഡിംഗിൽ ഓഫിസ് തുറന്നിട്ടുണ്ടെന്നും ഇവർ പറഞ്ഞു. ഒട്ടുമിക്ക സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്ന ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി ഹൃദയശസ്ത്രക്രിയ രംഗത്ത് വലിയ മാറ്റത്തിനാണ് വഴി തെളിച്ചത്. നേരത്തെ നടത്തിയ നൂറു സൗജന്യ ശസ്ത്രിക്രിയകളിൽ അർഹരായ 50 രോഗികൾക്ക് സർക്കാരിന്റെ കാരുണ്യ പദ്ധതിയിൽപ്പെടുത്തി സൗജന്യമായിട്ടാണ് ശസ്ത്രക്രിയ നടത്തിയതെന്ന് സെക്രട്ടറി അജയ് തറയിൽ പറഞ്ഞു.




എറണാകുളം കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി ചിക്കിംഗ് ഹാർട്ട് കെയറുമായി സഹകരിച്ച് 100 ഹൃദ്രോഗികൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയ നടത്തുന്നത് സംബന്ധിച്ച് കലൂർ ഐ.എം.എ ഹൗസിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ ആശുപത്രി സെക്രട്ടറി അജയ് തറയിൽ പ്രഖ്യാപിക്കുന്നു.ആശുപത്രി വൈസ് പ്രസിഡന്റ് അഡ്വ.ബി.എ.അബ്ദുൾ മുത്തലിബ്,ചിക്കിംഗ് (മാൻസൂർ ഫുഡ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്) മാനേജിംഗ് ഡയക്ടർ എ.കെ.മൻസൂർ സമീപം

ഏറ്റവും കുറഞ്ഞ നിരക്കിൽ ഇന്ദിരാഗാന്ധി ആശുപത്രിയിൽ ഹൃദയശസ്ത്രക്രിയ ചെയ്ത തുടങ്ങിയതോടെ മറ്റാശുപത്രികളും ഇതേ പാത പിന്തുടരാൻ ആരംഭിച്ചത് നിർധനരായ ഹൃദ്രോഗികൾക്ക് ഏറെ ആശ്വാസമായി മാറിയെന്നും അദ്ദേഹം പറഞ്ഞു.

പ്രൊസസ്ഡ് ചിക്കൻ ഫുഡ് രംഗത്തെ ആഗോള ബ്രാൻഡായ ചിക്കിംഗിന്റെ 25ാം വാർഷികാഘോഷങ്ങളുടെ ഭാഗമായാണ് സൗജന്യമായി 100 ഹൃദയ ശസ്ത്രക്രിയകൾ നടത്തുന്നതെന്ന് എ.കെ.മൻസൂർ പറഞ്ഞു.അമ്പതു പേർക്കാണ് സൗജന്യമായി ശസ്ത്രക്രിയ നടത്താൻ ആദ്യ ഘട്ടത്തിൽ ആലോചിച്ചിരുന്നതെന്നും എന്നാൽ ശസ്ത്രക്രിയ നടത്താൻ പണമില്ലാതെ ധാരാളം രോഗികൾ ഉണ്ടെന്ന് വ്യക്തമായതോടെയാണ് ചിക്കിംഗ് ഹാർട്ട് കെയർ പദ്ധതി വഴി നൂറു രോഗികളെ സഹായിക്കാൻ തീരുമാനിച്ചത്. ഇതിനായി രണ്ടര കോടി രൂപയുടെ സാമ്പത്തിക സഹായമാണ് നൽകുന്നതെന്നും മൻസൂർ പറഞ്ഞു. ശസ്ത്രക്രിയയ്ക്ക് ശേഷം ഇവർക്കാവശ്യമായി വരുന്ന മരുന്നുകളും ഒരുവർഷം സൗജന്യമായി നൽകും.

അടുത്ത ഘട്ടത്തിൽ കൂടുതൽ രോഗികളെ സഹായിക്കാനാണ് ലക്ഷ്യമിടുന്നത്. നിലവിൽ 38 രാജ്യങ്ങളിലായി 400 ഔട്ട്ലെറ്റുകളും 4,500ൽപരം ജീവനക്കാരും കമ്പനിക്കുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

ഇന്ന് വൈകിട്ട് 4.30ന് ആശുപത്രി അങ്കണത്തിൽ ആശുപത്രി ചെയർമാൻ എം.ഒ.ജോണിന്റെ അധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ പദ്ധതിയുടെ ധാരണാ പത്രം കൈമാറും.

ചടങ്ങിന്റെ ഉദ്ഘാടനം കേരള ഹൈക്കോടതി ജഡ്ജി പി.ഗോപിനാഥ് മേനോൻ നിർവ്വഹിക്കും.100 ഹൃദയ ശസ്ത്രക്രിയകൾ നടത്തിയ ഹൃദ്രോഗ വിദഗ്ദരായ ഡോ. ജോർജ് ജെ.വാളൂരാൻ, ഡോ. ജിയോ പോൾ.സി എന്നിവരെ ചടങ്ങിൽ ആദരിക്കും.യോഗത്തിൽ ചിക്കിംഗ് (മാൻസൂർ ഫുഡ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്) മാനേജിംഗ് ഡയറക്ടർ എ.കെ.മൻസൂർ, എക്സിക്യൂട്ടീവ് ഡയറക്ടർ അഹമ്മദ് മിർസ്ഷാബ് മൻസൂർ, ആശുപത്രി വൈസ് പ്രസിഡന്റ് അഡ്വ.ബി.എ.അബ്ദുൾ മുത്തലിബ്, ഡയറക്ടർമാരായ ജെബി മേത്തർ എം.പി, അഗസ്റ്റസ് സിറിൾ, പി.വി.അഷ്റഫ്, ആലപ്പാട്ട് മുരളീധരൻ, ഡോ.ഹസീന മുഹമ്മദ്, ഇക്ബാൽ വലിയവീട്ടിൽ, ടി.എച്ച്.റഷീദ്, ഇന്ദിരാബായി പ്രസാദ്, എൻ.എ.അബ്രാഹം, പി.ഡി.അശോകൻ, കെ.പി.വിജയ കുമാർ, മെഡിക്കൽ സൂപ്രണ്ട് ഡോ.എസ്.സച്ചിദാനന്ദ കമ്മത്ത്, പ്രൊജക്ട് കോർഡിനേറ്റർമാരായ ഫൈസൽ ബഫാക്കി തങ്ങൾ, ജി.മാധവൻ കുട്ടി തുടങ്ങിയവർ പ്രസംഗിക്കും.

## പി.സി ജോർജിനെതിരെയുള്ള കേസ് സർക്കാരിന്റെ ഇരട്ടത്താപ്പ്:വി.എച്ച് പി

**കൊച്ചി:** ഹൈന്ദവ വിരുദ്ധമായ നിരവധി പ്രസ്താവനകൾ നടത്തിയിട്ടുള്ള ഇടത് വലത് നേതാക്കൻമാർക്കെതിരെ പരാതി നൽകിയാൽ പോലും നടപടി സ്വീകരിക്കാത്ത സർക്കാരും പോലീസും ബി.ജെ.പി നേതാവ് പി.സി ജോർജിനെ കള്ളക്കേസിൽ കുടുക്കി ജയലിലടച്ച നടപടി അപലപനീയമെന്ന് വിശ്വ ഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, ജനറൽ സെക്രട്ടറി അഡ്വ.അനിൽ വിളയിൽ എന്നിവർ വാർത്താകുറിപ്പിൽ ആരോപിച്ചു. സർക്കാരിന്റെ ഇരട്ടത്താപ്പാണ് ഇതിലൂടെ വ്യക്തമാക്കുന്നത്. ഗണപതിയേയും കുംഭമേളയേയും ഹിന്ദു സ്ത്രീകളേയും അപമാനിക്കുന്ന രീതിയിൽ നിരവധി പ്രസ്താവനകൾ ഇടതു നേതാക്കന്മാർ നടത്തിയിട്ടുണ്ട്.

എന്നാൽ അവർക്കെതിരെ നിയമപരമായി യാതൊരു നടപടിയും സ്വീകരിക്കാൻ സർക്കാർ നാളിതു വരെയും തയ്യാറായിട്ടില്ല. ഈ സാഹചര്യം നിലനിൽക്കേയാണ് പി. സി ജോർജ്ജ് അദ്ദേഹത്തിന്റെ സ്വാഭാവിക ശൈലിയിൽ പറഞ്ഞ കാര്യങ്ങളുടെ വസ്തുത പോലും വിലയിരുത്താതെ തിടുക്കപ്പെട്ട് കേസെടുത്തത്. സർക്കാരിന്റെ ഇത്തരത്തിലുള്ള നടപടി ആരെ പ്രീണിപ്പാനാണെന്ന് കേരളത്തിലെ ജനങ്ങൾക്ക് ബോധ്യമുണ്ട്. ന്യൂനപക്ഷ വോട്ടിനെ ലക്ഷ്യം വെച്ചുകൊണ്ട് സത്യം പറയുന്നവരെ അടിച്ചമർത്താനുള്ള ശ്രമങ്ങളുടെ ഭാഗമായിട്ടാണ് സർക്കാരിന്റെ നിലവിലെ ഇത്തരം പ്രവർത്തനങ്ങൾ ഇതിനെതിരെ ശക്തമായ പ്രക്ഷോഭങ്ങൾ ഉയർന്നുവരുമെന്നും വി.എച്ച്.പി നേതാക്കൾ വ്യക്തമാക്കി.

## പൊള്ളലേറ്റവർക്ക് സാന്ത്വനമായി സൗജന്യ ശസ്ത്രക്രിയ നിർണ്ണയ ക്യാമ്പ്

**കൊച്ചി:** പൊള്ളലേറ്റ് ഗുരുതരമായി പരിക്കേറ്റവർക്ക് കോതമംഗലം പീസ് വാലിയിൽ നടന്ന സൗജന്യ പ്ലാസ്റ്റിക് സർജറി നിർണ്ണയ ക്യാമ്പ് രോഗികളുടെ വർധിച്ച പ്രാതിനിധ്യം കൊണ്ട് ശ്രദ്ധേയമായി.റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ നൈറ്റ്സ്, റോട്ടറി ക്ലബ് കോയമ്പത്തൂർ മെട്രോപോളിസ്, കോയമ്പത്തൂർ ഗംഗ ആശുപത്രി എന്നിവയുടെ സഹകരണത്തോടെയായിരുന്നു പരിപാടി.പൊള്ളലിൽ സംഭവിച്ച മുറിവുകൾ പ്ലാസ്റ്റിക് സർജറിയിലൂടെ ഭേദമാക്കി സാധാരണ ജീവിതത്തിലേക്ക് തിരികെ എത്തിക്കാനാവുന്ന ചികിത്സ നിർധന രോഗികൾക്ക് പൂർണമായും സൗജന്യമായാണ് നൽകുക. ഡീൻ കുര്യാക്കോസ് എം പി പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു.കഴിഞ്ഞ വർഷം സമാന പരിപാടിയിലൂടെ പ്ലാസ്റ്റിക് സർജറി ചെയ്ത് ജീവിതത്തിലേക്ക് തിരികെ എത്തിയവർ തങ്ങളുടെ അനുഭവം പങ്കുവെച്ചു.പി ബി നൂഹ് ഐ എ എസ് ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നൂറോളം പേർ ക്യാമ്പിൽ പങ്കെടുത്തു.



കെ.വി.വി.ഇ.എസ് യൂത്ത് വിംഗ് നടത്തുന്ന കൊച്ചി കോർപ്പറേഷൻ പ്രതിഷേധ മാർച്ചിന്റെ സമരപ്രഖ്യാപന കൺവെൻഷൻ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്യുന്നു. പ്രദീപ് ജോസ്, ജിമ്മി ചക്യത്ത്, ശ്രീനാഥ് മംഗലത്ത്, വിനോദ് ബേബി സമീപം

## കെവിവിഇഎസ് യൂത്ത് വിംഗ് സമരത്തിലേക്ക്; 27 ന് കൊച്ചി കോർപ്പറേഷനിലേക്ക് മാർച്ച് നടത്തും

**കൊച്ചി:** നികുതി വർധനവ്,അനധികൃത വഴിയോര കച്ചവടം എന്നിവയ്ക്കെതിരെ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ല യൂത്ത് വിംഗിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 27, വ്യാഴാഴ്ച രാവിലെ 10 ന് കൊച്ചി കോർപ്പറേഷനിലേക്ക് മാർച്ച് നടത്തും. മാർച്ചിന് മുന്നോടിയായി വ്യാപാര ഭവനിൽ നടന്ന സമരപ്രഖ്യാപന കൺവെൻഷൻ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്തു.ജില്ല യൂത്ത് വിംഗ് പ്രസിഡന്റ് പ്രദീപ് ജോസ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ വർക്കിംഗ് പ്രസിഡന്റും യൂത്ത് വിംഗ് കോർഡിനേറ്ററുമായ ജിമ്മി ചക്യത്ത്, യൂത്ത് വിംഗ് നേതാക്കളായ വിനോദ് ബേബി, ശ്രീനാഥ് മംഗലത്ത് തുടങ്ങിയവർ സംസാരിച്ചു.

## മാലിന്യസംസ്കരണത്തിൽ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും അവാർഡ് നൽകും: മന്ത്രി എം.ബി. രാജേഷ്

**കണ്ണൂർ:** മാലിന്യസംസ്കരണത്തിൽ മികച്ച പ്രവർത്തനം നടത്തുന്ന പഞ്ചായത്തുകൾക്കും നഗരസഭകൾക്കും അവാർഡ് നല്കുമെന്ന് തദ്ദേശ സ്വയംഭരണ മന്ത്രി എം.ബി.രാജേഷ് പറഞ്ഞു.മാലിന്യമുക്ത നവകേരളം ജനകീയ കാമ്പയിനിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണവകുപ്പും ശുചിത്വമിഷനും ശുചിത്വ മാലിന്യസംസ്കരണരംഗത്തെ വിവിധ സർക്കാർ ഏജൻസികളും ചേർന്ന് സംഘടിപ്പിക്കുന്ന വൃത്തി 2025 ക്ലീൻ കേരള കോൺക്ലേവിന്റെ ലോഗോ, വെബ്സൈറ്റ്, പ്രാഥമിക ബ്രോഷർ എന്നിവയുടെ പ്രകാശനം കണ്ണൂരിൽ നിർവഹിക്കുകയായിരുന്നു മന്ത്രി .

സംസ്ഥാനത്തെ 1034 തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തം അന്തർദേശീയ കോൺക്ലേവിൽ ഉണ്ടാകണമെന്ന് മന്ത്രി പറഞ്ഞു. തദ്ദേശഭരണസ്ഥാപനങ്ങളുടെ മികച്ച മാതൃകകളും പ്രവർത്തനങ്ങളും മറ്റ് സ്ഥാപനങ്ങളിലുള്ളവർക്കും സംസ്ഥാനത്തിനകത്തും പുറത്തും നിന്നുമുള്ള വിദഗ്ധർക്കും മാധ്യമങ്ങൾക്കും പൊതുജനങ്ങൾക്കും കാണുന്നതിനും മനസ്സിലാക്കാനുമുള്ള അവസരമുണ്ടാവും.

ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു വി ജോസ് സ്വാഗതം പറഞ്ഞു. കണ്ണൂർ തദ്ദേശ വകുപ്പ് ജോയിന്റ് ഡയറക്ടർ അരുൺ ടി ജെ, സംസ്ഥാന ശുചിത്വ മിഷൻ വേസ്റ്റ് മാനേജ്മന്റ് കൺസൾട്ടന്റ് എൻ ജഗജീവൻ, ശുചിത്വമിഷൻ ജില്ലാ കോ ഓർഡിനേറ്റർ കെ എം സുനിൽകുമാർ, ഹരിതകേരളം മിഷൻ ജില്ലാ കോഓർഡിനേറ്റർ ഇ കെ സോമശേഖരൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ വിതരണോദ്ഘാടനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ നിർവഹിക്കുന്നു.അസോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ, ഫാ.ജേക്കബ് ഫിലിപ്പ്, ജിജു പി വർഗീസ് എന്നിവർ സമീപം.

# അടച്ചുറപ്പുള്ള ഒരു വീട് ഏവരുടെയും സ്വപ്നം: കാതോലിക്കാ ബാവാ

**കോട്ടയം :** സ്വന്തം വളർച്ചക്കൊപ്പം സഹജീവിയെയും കരുതുമ്പോഴാണ് ക്രിസ്തീയദൗത്യം പൂർത്തീകരിക്കപ്പെടുന്നതെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ. കോട്ടയം പഴയസെമിനാരിയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ ഭവന നിർമ്മാണ

ധനസഹായ വിതരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു സഭാധ്യക്ഷൻ.കഴിഞ്ഞവർഷം 101 കുടുംബങ്ങൾക്കായിരുന്നു സഭ സാമ്പത്തിക സഹായം നൽകിയത്. ഇത്തവണ സമൂഹത്തിന്റെ വിവിധ തുറകളിൽപ്പെട്ട 102 കുടുംബങ്ങൾക്ക് ഭവനനിർമ്മാണ സാമ്പത്തിക സഹായം വിതരണം ചെയ്തു. ലഭിച്ച 200ൽ അധികം അപേക്ഷകൾ പരിശോധിച്ച ശേഷമാണ് അർഹരായ 102പേരെ തെരഞ്ഞെടുത്തത്.

അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സഭയുടെ വരുമാനത്തിന്റെ 60ശതമാനവും ജീവകാരുണ്യപ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ഇത്തവണ 51 ലക്ഷം രൂപയാണ് ഭവന നിർമ്മാണ ധനസഹായ പദ്ധതിയിലൂടെ നൽകിയത്. ഭവനനിർമ്മാണ സഹായ സമിതി കൺവീനർ ജിജു പി വർഗീസ് സ്വാഗതം ആശംസിച്ചു.അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, ഫാ.ജേക്കബ് ഫിലിപ്പ്, എൻ.എ.അനിൽമോൻ, കോശി ഉമ്മൻ,ജേക്കബ് കൊച്ചേരി, ഷാലു ജോൺ, സിബി ജോൺ എന്നിവർ പ്രസംഗിച്ചു.



# താറാവുകൃഷി വീണ്ടും സജീവം; പ്രതീക്ഷയിൽ കർഷകർ

**ഹരിപ്പാട്:** പക്ഷിപ്പനി സ്ഥിരീകരിച്ചതിനെത്തുടർന്ന് ജില്ലയിൽ ഏർപ്പെടുത്തിയ നിരോധനം പിൻവലിച്ചതോടെ ജില്ലയിൽ പ്രത്യേകിച്ച് കുട്ടനാട്, അപ്പർ കുട്ടനാടൻ മേഖലകളിൽ താറാവു കൃഷി സജീവമാകുന്നു.

കർഷകർ സജീവമാകാൻ തുടങ്ങിയതോടെ ഹാച്ചറികളിലും തിരക്ക് അനുഭവപ്പെട്ടു തുടങ്ങി. നിരവധി കർഷകരാണ് ഹാച്ചറികളെ സമീപിക്കുന്നത്. നേരത്തെ കരാർ നൽകി കുഞ്ഞുങ്ങളെ വാങ്ങുന്നവരും കരാർ നൽകാതെ നേരിട്ടെത്തി കുഞ്ഞുങ്ങളെ വാങ്ങുന്നവരുമുണ്ട്. കൂടുതൽ താറാവുകളെ വാങ്ങുന്ന കർഷകർക്ക് മുൻഗണന നൽകിയാണ് കുഞ്ഞുങ്ങളെ വിരിയിക്കുന്നത്. ഹാച്ചറികളിൽ വിരിയിക്കാൻ വച്ചാൽ 28ാമത്തെ ദിവസം മുട്ട വിരിഞ്ഞ് കുഞ്ഞാവും. വിരിയി ച്ചിറക്കുന്ന ദിവസംതന്നെ താറാവിൻ കുഞ്ഞുങ്ങളെ കർഷകർക്ക് കൈമാറും.

കുട്ടനാട്ടിൽ ചാത്തങ്കരിയിലും അപ്പർ കുട്ടനാട്ടിൽ പള്ളിപ്പാട്, ചെന്നിത്തല എന്നിവിടങ്ങളിലുമാണ് താറാവിൻ കുഞ്ഞുങ്ങളുടെ ഉത്പാദനം നടക്കുന്നത്. ഇതര സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്ത മുട്ടകളുപയോഗിച്ചാണ് ഉത്പാദനം നടക്കുന്നതെന്നാണ് കർഷകർ പറയുന്നത്.

ഒരു ഉത്പാദന കേന്ദ്രത്തിൽ ഒരേ സമയം 15,000 മുതൽ 30,000 കുഞ്ഞുങ്ങളെ വരെ വിരിയിക്കാൻ ശേഷിയുള്ളതാണ് ഹാച്ചറികളിൽ അധികവും.

പക്ഷിവളർത്തലിന് നിരോധനം ഏർപ്പെടുത്തിയതിനെത്തുടർന്ന് അടഞ്ഞുകിടന്നിരുന്ന ഹാച്ചറികളാണ് ഇപ്പോൾ പ്രവർത്തനസജ്ജമായിരിക്കുന്നത്.

പള്ളിപ്പാട്, ചെന്നിത്തല, വിയപുരം, ചെറുതന, എടത്വ തുടങ്ങിയ പ്രദേശങ്ങളിലെ കർഷകരാണ് താറാവു കൃഷിയുമായി വീണ്ടും രംഗത്തു വന്നത്. മൂന്നുമാസം പിന്നിടുമ്പോഴേക്ക് കൂട്ടത്തിൽനിന്ന് ഇറച്ചിത്താറാവുകളെ വേർതിരിക്കുകയും ചെയ്യും.

നിലവിൽ ഇറച്ചിത്താറാവ് വിപണി തീർത്തും ശുഷ്കിച്ച അവസ്ഥയിലാണ്. ഒരുവർഷത്തിലധികമായി നീണ്ടുനിന്ന പക്ഷിപ്പനിയെത്തുടർന്നുള്ള നിരോധനവും ശേഷം ദ്രുതകർമ സേനയുടെ നേതൃത്വത്തിൽ കൊന്നൊടുക്കുകയും ചെയ്തതോടെയാണ് താറാവു കർഷകർ ദുരിതത്തിലായത്.

ഡിസംബർ അവസാനം സർക്കാർ നിരോധനം പിൻവലിച്ചതോടെയാണ് താറാവു കർഷകരും അനുബന്ധ തൊഴിലാളികളും ഒപ്പം ഉത്പാദന കേന്ദ്രങ്ങളും സജീവമാകാൻ തുടങ്ങിയത്.

# കുസാറ്റിൽ ഓൺലൈൻ കോഴ്സുകൾ; രജിസ്ട്രേഷൻ ആരംഭിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ഇകണ്ടെന്റ് (സിഡെക്) നേതൃത്വത്തിൽ 8 പുതിയ ഹ്രസ്വകാല ഓൺലൈൻ കോഴ്സുകളുടെ മാർച്ച് 2025 ബാച്ചിനുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. രജിസ്ട്രേഷൻ, ക്ലാസ്, പരീക്ഷ, സർട്ടിഫിക്കേഷൻ എന്നിവ പൂർണമായും ഓൺലൈൻ ആയിരിക്കും.

വിദ്യാർത്ഥികൾക്കും പ്രൊഫഷണലുകൾക്കും അവരുടെ സൗകര്യപ്രദമായ സമയത്ത് പഠിക്കാനാകുന്ന തരത്തിൽ റെക്കോർഡഡ് ക്ലാസുകൾ ആണ് ഉണ്ടായിരിക്കുക. ഈ കോഴ്സുകൾ എൻഇപി 2020 ന്റെ യുജിസി മാനദണ്ഡങ്ങൾ പാലിച്ചാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. മറൈൻ, കെമിസ്ട്രി, മാനേജ്മെന്റ്, നിയമം തുടങ്ങിയ വിവിധ വിഷയങ്ങളിൽ പ്രഗൽഭ അധ്യാപകർ തയ്യാറാക്കിയ ഈ കോഴ്സുകൾക്ക് https://cdec.cusat.ac.in/എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാം.

രണ്ടാഴ്ചയിൽ ഒരിക്കൽ അധ്യാപകരോടൊപ്പം വിദ്യാർത്ഥികൾക്ക് തത്സമയ സംവാദ സെഷനുകൾ ഉണ്ടാകും.

കോഴ്സുകൾ പൂർത്തിയാക്കുന്നവർക്ക് 2 മുതൽ 4 അക്കാഡമിക് ബാങ്ക് ക്രെഡിറ്റുകൾ ലഭിക്കും. യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് നൽകിയാൽ കുസാറ്റ് സർട്ടിഫിക്കറ്റും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് https://cdec.cusat.ac.in/ എന്ന വെബ്സൈറ്റിലോ 04842862094 എന്ന നമ്പറിലോ ബന്ധപ്പെടുക.

# വയോജന പരിചരണ നൈപുണ്യം: കെഡിസ്കും നോർക്കയും ധാരണ

**കൊച്ചി:** ഓസ്ട്രേലിയയിലെ ന്യൂ സൗത്ത് വേൽസ് സർക്കാരിന്റെ ദി മൈഗ്രേഷൻ ഏജൻസിയുമായി കെഡിസ്കും നോർക്കയും ധാരണാപത്രം ഒപ്പു വച്ചു. ന്യൂ സൗത്ത് വെയിൽസിലെ വയോജന പരിചരണത്തിലും നഴ്സിംഗ് പ്രൊഫഷനുകളിലും വൈദഗ്ധ്യമുള്ള വ്യക്തികളുടെ കുറവ് പരിഹരിക്കുക എന്നത് ലക്ഷ്യമിട്ടാണ് കൊച്ചിയിൽ നടന്ന ഇൻവെസ്റ്റ് കേരള ഉച്ചകോടിയിൽ ധാരണാപത്രം കൈമാറിയത്. കേരള ഡവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെഡിസ്ക്) മെമ്പർ സെക്രട്ടറി ഡോ.പി.വി. ഉണ്ണികൃഷ്ണൻ, നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കൊളശ്ശേരി, മൈഗ്രേഷൻ ഏജൻസി മാനേജിംഗ് ഡയറക്ടർ സാറാ ഥാപ്പ എന്നിവരാണ് ധാരണാപത്രം ഒപ്പിട്ടത്. കെഡിസ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ പി എം റിയാസ്, നോർക്ക അഡീഷണൽ സെക്രട്ടറി ബി സുനിൽകുമാർ, നോർക്ക ജോയിന്റ് സെക്രട്ടറി പ്രകാശ് ജോസഫ്, ഓസ്ട്രേലിയൻ കൗൺസുലേറ്റ് ജനറൽ ചെന്നൈ സിലായി സാകി, ഓസ്ട്രേലിയൻ ഡെപ്യൂട്ടി കൗൺസുലേറ്റ് ജനറൽ ചെന്നൈ ഡേവിഡ് എഗ്ഗ്ലെസ്റ്റൺ എന്നിവരുടെ സാന്നിധ്യത്തിലാണ് ധാരണാപത്രം കൈമാറിയത്.




# അടിമാലി ഹൈസ്കൂളിൽ പ്രീ സ്കൂൾ ആരംഭിച്ചു

**അടിമാലി:** ഹൈസ്കൂളിൽ സജ്ജീകരിച്ചിട്ടുള്ള സ്റ്റാർസ് പ്രീപ്രൈമറി വർണ്ണക്കൂടാരം പ്രീ സ്കൂൾ നവീകരണ പദ്ധതിയുടെ ഉദ്ഘാടനം ദേവികുളം എംഎൽഎ എ. രാജ നിർവ്വഹിച്ചു.പരിപാടിയിൽ അടിമാലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൗമ്യ അനിൽ അധ്യക്ഷത വഹിച്ചു.

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രീസ്കൂൾ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ സുപ്രധാന കാലഘട്ടമാണ് പ്രീസ്കൂൾ. സമഗ്രശിക്ഷ കേരളം പദ്ധതിയുടെ ധന സഹായത്തോടെയാണ് പദ്ധതിയുടെ പൂർത്തീകരണം.

പഞ്ചായത്ത് അംഗങ്ങൾ, അധ്യാപകർ, സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ രംഗത്തെ പ്രമുഖർ പരിപാടിയിൽ പങ്കെടുത്തു.

# പൊക്കാളി കൃഷി ഏകദിന ശില്പശാല ഇന്ന്

**കൊച്ചി:** പൊക്കാളി കൃഷി വികസനം ലക്ഷ്യമാക്കി കാർഷിക വികസന കർഷക ക്ഷേമ വകുപ്പും പൊക്കാളി നില വികസന ഏജൻസിയും സംഘടിപ്പിക്കുന്ന ഏകദിന ശില്പശാല ഇന്ന് (ഫെബ്രുവരി 25) നടക്കും. രാവിലെ 9.30ന് കുഴുപ്പിള്ളി സർവ്വീസ് ബാങ്കിന്റെ സഹകരണ നിലയം ഹാളിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ശില്പശാല ഉദ്ഘാടനം ചെയ്യും.

പൊക്കാളി കൃഷി പുനരുജ്ജീവിപ്പിച്ച് കർഷകരോടൊപ്പം യുവാക്കളേയും കൃഷിയിലേക്ക് ആകർഷിക്കുക, കാർഷിക സംസ്കാരം സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഏകദിന ശില്പശാല സംഘടിപ്പിക്കുന്നത്.



# ആരോഗ്യ മേഖല: റാന്നിയിൽ 50 കോടി രൂപയുടെ വികസനം സാധ്യമാക്കിയെന്ന് മന്ത്രി വീണാ ജോർജ്

**പത്തനംതിട്ട:** റാന്നി നിയോജക മണ്ഡലത്തിലെ ആരോഗ്യ മേഖലയിൽ മാത്രം 50 കോടിയുടെ വികസനം സാധ്യമാക്കിയെന്ന് ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ്. റാന്നി താലൂക്ക് ആശുപത്രിയിലെ പുതിയ ബ്ലോക്കിന്റെ നിർമാണ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. കിഫ്ബിയിൽ നിന്നും തുക ചെലവഴിച്ചാണ് നിർമാണം. മൂന്നു നിലകളിലായി പാലിയേറ്റിവ് കെയർ, ഫിസിയോ തെറാപ്പി, ഡെന്റൽ ട്രീറ്റ്മെന്റ്, ലാബ്, അൾട്രാസൗണ്ട് സ്കാൻ ഉൾപ്പടെ ആധുനിക സൗകര്യത്തോടെയുള്ളതാണ് പുതിയ കെട്ടിടം.

കിഫ്ബിയിലൂടെ കോടികണക്കിന് രൂപ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ നൽകി. രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്നത് കേരളം ആണ്. പ്രതിവർഷം 1600 കോടി രൂപ സൗജന്യ ചികിത്സയ്ക്കായി ചെലവഴിക്കുന്നു. ആശ പ്രവർത്തകർക്കായി അഞ്ച് ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പു വരുത്തി. അഡ്വ. പ്രമോദ് നാരായൺ എംഎൽഎ അധ്യക്ഷനായി.

റാന്നി താലൂക്ക് ആശുപത്രിക്ക് ആംബുലൻസിനായി എം.എൽ.എ ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ അനുവദിച്ചതായി അദ്ദേഹം പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോർജ് ഏബ്രഹാം, മുൻ എംഎൽഎ രാജു ഏബ്രഹാം, റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ എസ് ഗോപി, തദ്ദേശസ്ഥാപന അധ്യക്ഷന്മാർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



# ശബരിമല പദ്ധതിയിൽ ജില്ലയ്ക്ക് 43.5 കോടി രൂപ

**പത്തനംതിട്ട:** ജില്ലയിൽ ശബരിമല പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ മണ്ഡലങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികൾക്കായി 43.5 കോടി രൂപ അനുവദിച്ചതായി പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ്. കിഫ്ബി ഫണ്ടിലെ 17.75 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന റാന്നി മഠത്തുംചാൽ മുക്കൂട്ടുതറ റോഡിന്റെ രണ്ടാംഘട്ട നിർമ്മാണ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി. ശബരിമല പദ്ധതിയിലൂടെ ഏഴ് റോഡുകളുടെ നവീകരണമാണ് ലക്ഷ്യം. റാന്നി വലിയകാവ് റിസർവ് റോഡിന് 10 കോടി. തിരുവല്ല കുമ്പഴ റോഡ്, മരുതൂർ കടവ് വൺവേ ട്രാഫിക് റോഡ് എന്നിവയുടെ നവീകരണത്തിന് 10.5 കോടി രൂപയും. സംസ്ഥാനത്ത് ആകെ 356.97 കോടി രൂപയാണ് ഇത്തവണ ശബരിമല പാക്കേജിൽ അനുവദിച്ചത്. ശബരിമല റോഡുകളുടെ നവീകരണത്തിന് അനുവദിച്ചിട്ടുള്ള ഏറ്റവും വലിയ തുകയാണിത്.

പദ്ധതികൾ അനുവദിക്കുന്നതിനോടൊപ്പം അവ പൂർത്തിയാകുന്നുണ്ടെന്നും ഉറപ്പാക്കണമെന്ന് സർക്കാരിന് നിർബന്ധമുണ്ട്. റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനും ഒരേ പ്രാധാന്യമാണ് നൽകുന്നതെന്നും മന്ത്രി പറഞ്ഞു.

വെച്ചൂച്ചിറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ആധുനിക നിലവാരത്തിലേക്ക് ഉയർത്തുന്നതിന് 5.67 കോടി രൂപ അനുവദിച്ചതായി ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. വെച്ചൂച്ചിറ ചാത്തൻതറയിൽ നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സർക്കാർ നിർമ്മിതികൾ പൂർത്തിയാകാൻ വർഷങ്ങളുടെ കാലതാമസം ഉണ്ടായിരുന്ന സാഹചര്യം മാറി. കിഫ്ബിയിലൂടെ തുക അനുവദിച്ച് വലിയ നിർമ്മാണങ്ങൾ അതിവേഗമാണ് മുന്നോട്ടുപോകുന്നതെന്നും മന്ത്രി പറഞ്ഞു.

പത്തനംതിട്ട കോട്ടയം ജില്ലകളെ ബന്ധിപ്പിച്ച് വെച്ചൂച്ചിറ, പഴവങ്ങാടി, അങ്ങാടി, കൊറ്റനാട് പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന 31.263 കിലോമീറ്റർ ദൂരമുള്ളതാണ് മഠത്തും ചാൽ മുക്കൂട്ടുതറ റോഡ്. കനകപ്പലം മുക്കൂട്ടുതറ, വെച്ചൂച്ചിറ മന്ദമരുതി, മടത്തുംചാൽ അങ്ങാടി, റാന്നി ബൈപ്പാസ്, റാന്നി ന്യൂ ബൈപ്പാസ് എന്നിങ്ങനെ അഞ്ചു റോഡുകളുടെ നവീകരണമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വെച്ചൂച്ചിറ പോളിടെക്നിക്ക്, വിശ്വ ബ്രഹ്മ ആർട്സ് കോളജ്, പെരുന്തേനരുവി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, ആരാധനാലയങ്ങൾ തുടങ്ങിയവയെ ബന്ധിപ്പിക്കുന്ന റോഡ് റാന്നി വഴി ശബരിമലയിലേക്ക് എത്തുന്നത് തീർത്ഥാടകർക്ക് പമ്പാ റോഡിലേക്ക് എത്തിച്ചേരാനും എളുപ്പമാക്കുന്നതാണ്. പ്രമോദ് നാരായൺ എംഎൽഎ അധ്യക്ഷനായി.വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റ്റി. കെ. ജയിംസ്, അങ്ങാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു റെജി, കൊറ്റനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഉഷ ഗോപി ,ബ്ലോക്ക് പഞ്ചായത്ത് അംഗം മാത്യു കാനാട്ട്, വാർഡ് അംഗം നഹാസ് പ്ലാമൂട്ടിൽ, കെ ആർ എഫ് ബി എക്സിക്യൂട്ടീവ് എഞ്ചിനീയർ ബി. ദീപ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കൈറ്റിന്റെ ഓൺലൈൻ എ.ഐ കോഴ്സ്

**തിരുവനന്തപുരം:** എ ഐ ടൂളുകൾ ഫലപ്രദമായി ഉപയോഗിക്കാൻ സാധാരണക്കാരെ പര്യാപ്തമാക്കുന്ന ഓൺലൈൻ പരിശീലന പദ്ധതിക്ക് കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) തുടക്കം കുറിക്കുന്നു. നാലാഴ്ച ദൈർഘ്യമുള്ള എ.ഐ എസൻഷ്യൽസ് എന്ന ഓൺലൈൻ കോഴ്സിൽ ഓരോ ഇരുപതു പേർക്കും പ്രത്യേക മെന്റർമാർ ഉണ്ടായിരിക്കും. കോഴ്സിന്റെ ഭാഗമായി വീഡിയോ ക്ലാസുകൾക്കും റിസോഴ്സുകൾക്കും പുറമെ എല്ലാ ആഴ്ചയിലും ഓൺലൈൻ കോൺടാക്ട് ക്ലാസും ഉണ്ടായിരിക്കും.

ഓഫീസ് ആവശ്യങ്ങൾ ഉൾപ്പെടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് എ.ഐ ടൂളുകൾ എങ്ങനെ പ്രയോജനപ്പെടുത്താം, സോഷ്യൽ മീഡിയയിലെ ഉള്ളടക്കം തയ്യാറാക്കൽ, കല സംഗീത സാഹിത്യ മേഖലകളിൽ പ്രയോജനപ്പെടുത്താവുന്ന ടൂളുകൾ, പ്രോംപ്റ്റ് എൻജിനിയറിങ്, റെസ്പോൺസിബിൾ എ.ഐ എന്നിങ്ങനെയുള്ള മേഖലകളിൽ വിദ്യാർഥികൾ ഉൾപ്പെടെ എല്ലാവർക്കും കോഴ്സ് പ്രയോജനപ്പെടും. നേരത്തെ 80,000 സ്കൂൾ അധ്യാപകർക്കായി കൈറ്റ് നടത്തിയ എ.ഐ പരിശീലന മെഡ്യൂൾ പുതിയ ടൂളുകൾ ഉപയോഗിച്ച് മെച്ചപ്പെടുത്തിയതാണ് പുതിയ കോഴ്സ്. അരലക്ഷത്തിലധികം അധ്യാപകർക്ക് ഓൺലൈൻ പരിശീലനം നൽകിയി കൂൾ പ്ലാറ്റ്ഫോമിലാണ് പരിശീലനം. 20 പഠിതാക്കൾക്ക് ഒരു മെന്റർ എന്ന തരത്തിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്.

www.kite.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ആദ്യം രജിസ്റ്റർ ചെയ്യുന്ന 2,500 പേരെയാണ് ഒന്നാം ബാച്ചിൽ ഉൾപ്പെടുത്തുക. മാർച്ച് 5 വരെ രജിസ്റ്റർ ചെയ്യാം. ജി.എസ്ടി ഉൾപ്പെടെ 2,360 രൂപ ഫീസ് രജിസ്ട്രേഷൻ സമയത്ത് ഓൺലൈനായി അടക്കണം. ക്ലാസുകൾ മാർച്ച് 10ന് ആരംഭിക്കും. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും.

# ആരോഗ്യം ആനന്ദം ക്യാമ്പയിന്റെ ഭാഗമായി സാക്ഷരത മിഷനും

**കോഴിക്കോട്:** ആരോഗ്യവകുപ്പിന്റെ 'ആരോഗ്യം ആനന്ദം'ക്യാൻസർ പ്രതിരോധ പദ്ധതിയുടെ ഭാഗമായി ഏകദിന ക്യാൻസർ പ്രതിരോധ ക്യാമ്പയിൻ സംഘടിപ്പിച്ച് ജില്ലാ സാക്ഷരതാ മിഷൻ. പത്താം തരം, ഹയർ സെക്കന്ററി തുല്യത പഠന കേന്ദ്രങ്ങളിൽ ക്യാൻസർ പ്രതിരോധ ബോധവത്കരണ കുറിപ്പ് വായിച്ചു. തുടർന്ന് ജീവിത ശൈലി രോഗ പ്രതിരോധപ്രവർത്തനങ്ങൾ ചർച്ച ചെയ്തു. മേപ്പയിൽ സംസ്കൃതം സ്കൂൾ പഠനകേന്ദ്രത്തിൽ ജില്ലാ സാക്ഷരതാ മിഷൻ കോ ഓർഡിനേറ്റർ പി വി ശാസ്ത പ്രസാദിന്റെ അദ്ധ്യക്ഷതയിൽ ക്ലാസ് ലീഡർ വി റീജ ലഘുകുറിപ്പ് വായിച്ച് ക്യാമ്പയിനിന്റെ ജില്ലാതല ഉദ്ഘാടനം നിർവ്വഹിച്ചു.

ഹയർ സെക്കന്ററി തുല്യത കോ ഓർഡിനേറ്റർ എം ഷാജി, പത്താം തരം തുല്യത കോ ഓർഡിനേറ്റർ കെ കെ റീന തുടങ്ങിയവർ സംസാരിച്ചു. ജില്ലാ സാക്ഷരതാ മിഷൻ സാമൂഹ്യ സാക്ഷരതാ പദ്ധതി സംബന്ധിച്ച് നേരത്തെ നടത്തിയ ജില്ലാതല പരിശീലനത്തിൽ പങ്കെടുത്ത ക്ലാസ്സ് ലീഡർമാരും സമ്പർക്ക പഠനകേന്ദ്രം കോ ഓർഡിനേറ്റർമാരും ജില്ലയിലെ തുല്യത സമ്പർക്ക പഠന കേന്ദ്രങ്ങളിൽ ക്യാമ്പയിനിന് നേതൃത്വം നൽകി.

# വിദ്യാഭ്യാസം പ്രാധാന്യമേറിയതെന്ന് മന്ത്രി റിയാസ്

**കോഴിക്കോട്:** പഠനത്തോടൊപ്പം മാനസിക ഐക്യവും കൈവരിക്കാൻ വിദ്യാർത്ഥികൾക്ക് കഴിയുന്നതിനാൽ സ്കൂൾ വിദ്യാഭ്യാസം വളരെ പ്രാധാന്യമേറിയതാണെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. പയ്യോളി തിക്കോടിയൻ സ്മാരക ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ സർഗായനം 2025, വാർഷികാഘോഷവും യാത്രയയപ്പ് സമ്മേളനത്തിന്റെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. സ്കൂളുകളിൽ നടക്കുന്ന ഓരോ പ്രവർത്തനങ്ങളും ആഘോഷങ്ങളും വിദ്യാർത്ഥികളുടെയും സമൂഹത്തിന്റെയും മാനസിക ഐക്യവും മത സാഹോദര്യവും ഊട്ടിയുറപ്പിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ വക്താക്കളായി എല്ലാ വിദ്യാലയങ്ങളും മാറട്ടെ എന്നും മന്ത്രി പറഞ്ഞു. വിരമിക്കുന്ന അധ്യാപകർക്കുള്ള ഉപഹാര സമർപ്പണവും മന്ത്രി നിർവഹിച്ചു. കാനത്തിൽ ജമീല എംഎൽഎ അധ്യക്ഷത വഹിച്ചു. സ്കൂൾ പ്രിൻസിപ്പാൾ എ കെ സചിത്രൻ റിപ്പോർട്ട് അവതരിപ്പിച്ചു.

തിക്കോടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജമീല സമദ്, ജില്ലാ പഞ്ചായത്ത് മെമ്പർ വി പി ദുൽഖിഫിൽ, ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ കെ പി ഷക്കീല, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എം കെ ശ്രീനിവാസൻ, വാർഡ് മെമ്പർ ബിനു കാരോളി, പിടിഎ വൈസ് പ്രസിഡന്റ് രമേശൻ കൊക്കാലേരി, പൂർവ വിദ്യാർത്ഥി സംഘടന പ്രസിഡന്റ് ടി ഖാലിദ്, വിഎച്ച്എസ്ഇ പ്രിൻസിപ്പാൾ വി നിഷ, സ്റ്റാഫ് സെക്രട്ടറി എ ടി രഞ്ജിത്ത്, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ സംസാരിച്ചു. പി ടി എ പ്രസിഡന്റ് സി പ്രമോദ് സ്വാഗതവും പ്രോഗ്രാം കമ്മിറ്റി ചെയർമാൻ പി ഗോവിന്ദൻ നന്ദിയും പറഞ്ഞു.

വിവിധ വിഭാഗങ്ങളിൽ മികവുപുലർത്തിയ പ്രതിഭകളെ ചടങ്ങിൽ അനുമോദിച്ചു. സമാപന സമ്മേളനത്തിനു മുന്നോടിയായി പൂർവ്വ വിദ്യാർത്ഥികൾ ഒരുക്കിയ കലാ സായാഹ്നവും വിദ്യാർഥികളുടെയും അധ്യാപകരുടെയും കലാപരിപാടികളും അരങ്ങേറി. രണ്ടുദിവസങ്ങളായി നടന്ന സർഗായനം 2025 ന്റെ ഭാഗമായി വിവിധ വിഷയങ്ങളിൽ വിദ്യാലയത്തിൽ നടപ്പിലാക്കിയ വിദ്യഭ്യാസ പ്രവർത്തനങ്ങളുടെ പ്രദർശനം 'മികവുത്സവ'വും സംഘടിപ്പിച്ചു.

# ജീവിതം തൊട്ട് ഗെറ്റ് സെറ്റ് ബേബി

## ഉണ്ണി മുകുന്ദനും കൂട്ടരും ഗെറ്റ് സെറ്റ് ഫോർ ഹിറ്റ്

വിനയ് ഗോവിന്ദിന്റെ സംവിധാനത്തിൽ ഒരുങ്ങി ഉണ്ണി മുകുന്ദൻ നായകനാവുന്ന ഗെറ്റ് സെറ്റ് ബേബി പ്രദർശനത്തിനെത്തി. ചിത്രത്തിന് ആദ്യ ഷോ മുതൽ മികച്ച പ്രതികരണമാണ് ലഭിക്കുന്നത്. പ്രേക്ഷകരെയും നിരൂപകരെയും തൃപ്തിപ്പെടുത്തുന്ന ചിത്രത്തിന് ഓരോ ഷോ കഴിയുംതോറും ബുക്കിംഗ് വർദ്ധിച്ചു വരുന്നുണ്ട്. മലയാളത്തിൽ നിരവധി ഡോക്ടർ കഥാപാത്രങ്ങൾ വന്നിട്ടുണ്ട്. ഇപ്പോഴും പ്രേക്ഷക മനസ്സിൽ തങ്ങി നിൽക്കുന്ന ഒട്ടേറെ ഡോക്ടർമാർ സിനിമകളിൽ എത്തിയിട്ടുണ്ട്. ഇപ്പോഴിതാ ആ ഗണത്തിലേക്ക് ചേർത്തുവയ്ക്കാവുന്ന ഒരു ഡോക്ടർ വേഷവുമായി എത്തിയിരിക്കുകയാണ് ഉണ്ണി മുകുന്ദൻ. ഐവിഎഫ് സ്പെഷലിസ്റ്റായ ഡോ. അർജുൻ ബാലകൃഷ്ണൻ എന്ന കഥാപാത്രമായി പ്രേക്ഷകരുടെ മനസ്സ് നിറയ്ക്കുന്ന പ്രകടനമാണ് 'ഗെറ്റ് സെറ്റ് ബേബി'യിൽ ഉണ്ണി മുകുന്ദന്റേത്.

കുടുംബങ്ങളുടെ പൾസറിഞ്ഞുള്ള മേക്കിങ്ങാണ് 'ഗെറ്റ് സെറ്റ് ബേബി'യുടെ പ്ലസ്. ഒരു മെയിൽ ഗൈനക്കോളജിസ്റ്റിൻറെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഏറെ രസകരമായി എന്നാൽ വിഷയത്തിൻറെ ഗൗരവം ഒരു തരിയും ചോരാതെ കളർഫുള്ളായി അവതരിപ്പിച്ചിരിക്കുകയാണ് സിനിമയിൽ.

മലയാളത്തിലെ ആദ്യ സ്റ്റോണർ സിനിമയായ കിളിപോയി, കോഹിന്നൂർ എന്നീ സിനിമകൾക്ക് ശേഷം വിനയ് ഗോവിന്ദ് ഒരുക്കിയിരിക്കുന്ന ചിത്രം ടോട്ടൽ ഫാമിലി ഫൺ ഫീൽഗുഡ് വിരുന്നാണ് പ്രേക്ഷകർക്ക് സമ്മാനിച്ചിരിക്കുന്നത്. വലിച്ചുനീട്ടാതെ കാര്യങ്ങൾ ഏറെ ഏറെ പക്വമായി എന്നാൽ ഏവർക്കും മനസ്സിലാകുന്ന ഭാഷയിൽ തന്നെ ചിത്രത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ഒരു സർക്കാർ മെഡിക്കൽ കോളേജിൽ ഏറെ നാളുകൾക്ക് ശേഷം ഗൈനക്കോളജി പഠിക്കാനെത്തുന്ന ഏക ആൺതരിയിൽ നിന്ന് തുടങ്ങി അയാൾ ഒരു മെയിൽ ഗൈനക്കോളജിസ്റ്റായി മാറുന്നതും ഐവിഎഫ് സ്പെഷലിസ്റ്റായുള്ള അയാളുടെ വളർച്ചയും അതിനിടയിൽ നേരിടേണ്ടി വരുന്ന വെല്ലുവിളികളും മറ്റുമൊക്കെ ചിത്രം മികച്ച രീതിയിൽ സ്ക്രീനിൽ എത്തിച്ചിട്ടുണ്ട്.

ഉണ്ണി മുകുന്ദനും നിഖില വിമലും ആദ്യമായി ഒന്നിച്ചെത്തിയിരിക്കുന്ന എന്ന പ്രത്യേകയും ചിത്രത്തിനുണ്ട്. ഡോ. അർജുൻ എന്ന കഥാപാത്രമായി ഉണ്ണിയും സ്വാതി എന്ന ക്ലൗഡ് കിച്ചൻ നടത്തുന്ന യുവതിയായി നിഖിലയും മികവുറ്റ പ്രകടനമാണ് കാഴ്ചവെച്ചത്. ടോട്ടൽ വയലൻസ് ചിത്രമായ മാർക്കോയ്ക്ക് ശേഷം ചിരിക്കുന്ന മുഖവുമായി കളിചിരികളും കുസൃതി തരങ്ങളുമൊക്കെയായി ഉണ്ണിയെ കാണാം ഈ ചിത്രത്തിൽ. വൈകാരികമായ അഭിനയ മുഹൂർത്തങ്ങളിലും ഏറെ മികച്ച രീതിയിൽ ഉണ്ണിയും നിഖിലയും സ്കോർ ചെയ്തിട്ടുണ്ട്.

സുധീഷ്, ചെമ്പൻ വിനോദ് ജോസ്, ജോണി ആൻറണി, സുരഭിലക്ഷ്മി, ഫറ ഷിബ്!ല, ഗംഗ മീര, മീര വാസുദേവ്, ദിനേഷ് പ്രഭാകർ, ഭഗത് മാനുവൽ, അഭിറാം രാജേന്ദ്രൻ, മുത്തുമണി, പുണ്യ എലിസബത്ത്, ജുവൽ മേരി, ശ്യാം മോഹൻ തുടങ്ങിയവരാണ് മറ്റ് കഥാപാത്രങ്ങൾ. ഓരോ കുടുംബങ്ങൾക്കും നെഞ്ചോടുചേർക്കാനുള്ള ഒട്ടേറെ മുഹൂർത്തങ്ങളുമായി സിനിമയുടെ രചന നിർവഹിച്ചിരിക്കുന്നത് വൈ.വി രാജേഷും അനൂപ് രവീന്ദ്രനും ചേർന്നാണ്.

അലക്സ് ജെ പുളിക്കലിൻറെ ഛായാഗ്രഹണം സിനിമയുടെ കഥാഗതിക്ക് യോജിച്ചതാണ്. അർജു ബെന്നിൻറെ ചടുലമായ എഡിറ്റിംഗും സിനിമയുടെ ടോട്ടൽ പേസിന് ചേർന്നതാണ്. സാം സി എസ് ഒരുക്കിയിരിക്കുന്ന പശ്ചാത്തല സംഗീതവും പാട്ടുകളും മികച്ചതാണ്. സ്കന്ദ സിനിമാസിന്റെയും കിംഗ്സ്മെൻ പ്രൊഡക്ഷൻസിൻറേയും ബാനറിൽ സുനിൽ ജെയിൻ, സജീവ് സോമൻ, പ്രക്ഷാലി ജെയിൻ എന്നിവരാണ് ചിത്രം നിർമിച്ചിരിക്കുന്നത്. ജനറേഷൻ ഗ്യാപ്പില്ലാതെ എല്ലാ തലമുറയിൽ പെട്ടവർക്കും ആസ്വദിച്ച് കാണാനാവുന്നൊരു സമ്പൂർണ കുടുംബ ചിത്രമാണ് 'ഗെറ്റ് സെറ്റ് ബേബി' എന്ന് ഉറപ്പിച്ച് പറയാം.



# നരിവേട്ട പൂർത്തിയായി

ടോവിനോ തോമസ്, സുരാജ് വെഞ്ഞാറമൂട്, ചേരൻ എന്നിവരെ മുഖ്യ കഥാപാത്രങ്ങളാക്കി അനുരാജ് മനോഹർ ഒരുക്കുന്ന പുതിയ ചിത്രം നരിവേട്ടയുടെ ഡബ്ബിങ് പൂർത്തിയായി. ഇപ്പോൾ പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾ പുരോഗമിക്കുന്ന ചിത്രം അധികം വൈകാതെ തന്നെ പ്രേക്ഷകരുടെ മുന്നിലെത്തിക്കാനുള്ള ശ്രമത്തിലാണ് അണിയറ പ്രവർത്തകർ. ഇന്ത്യൻ സിനിമാ കമ്പനിയുടെ ബാനറിൽ ഇന്ത്യ ജിസിസി ട്രേഡ് അംബാസിഡർ ഷിയാസ് ഹസ്സൻ, യു .എ .ഇ യിലെ ബിൽഡിങ് മെറ്റീരിയൽ എക്സ്പോർട്ട് ബിസിനസ് സംരംഭകൻ ടിപ്പു ഷാൻ എന്നിവർ ചേർന്നാണ് നരിവേട്ട നിർമ്മിക്കുന്നത്. കേന്ദ്ര സാഹിത്യ ആക്കാദമി അവാർഡ് ജേതാവ് അബിൻ ജോസഫ് തിരക്കഥ രചിച്ച ഈ ചിത്രത്തിന്റെ ചിത്രീകരണം കഴിഞ്ഞ മാസമാണ് പൂർത്തിയായത്. പ്രേക്ഷകരിൽ ഏറെ ആകാംഷയും ആവേശവും നിറക്കുന്ന രീതിയിലാണ് ചിത്രം ഒരുക്കിയിരിക്കുന്നതെന്നാണ് സൂചന.

മറവികൾക്കെതിരായ ഓർമയുടെ പോരാട്ടമാണ് നരിവേട്ട എന്നാണ് ടോവിനോ തോമസ് അഭിപ്രായപ്പെട്ടത്. തന്റെ വ്യത്യസ്തമായ സിനിമാ തിരഞ്ഞെടുപ്പുകളിലൂടെയും വേഷപ്പകർച്ചകളിലൂടെയും ഒരു നടനെന്ന നിലയിലും, വമ്പൻ ബോക്സ് ഓഫീസ് ഹിറ്റുകളിലൂടെ ഒരു താരമെന്ന നിലയിലും ഇന്ന് മലയാള സിനിമയിൽ തിളങ്ങി നിൽക്കുന്ന ടോവിനോ തോമസിന്റെ കരിയറിലെ മറ്റൊരു പൊൻതൂവലായി നരിവേട്ട മാറുമെന്ന പ്രതീക്ഷയിലും വിശ്വാസത്തിലുമാണ് അണിയറ പ്രവർത്തകർ. ഡബ്ബിങ് പൂർത്തിയായി എന്നറിയിച്ചു ടോവിനോ സോഷ്യൽ മീഡിയയിൽ പങ്കു വച്ച പോസ്റ്റ് ഇപ്പോൾ വൈറലാണ്. വലിയ കാൻവാസിൽ ബിഗ് ബഡ്ജറ്റ് ചിത്രമായി ഒരുക്കുന്ന നരിവേട്ടയിലൂടെ തമിഴ് നടനായ ചേരൻ ആദ്യമായി മലയാള സിനിമയിൽ എത്തുന്നു. ടോവിനോ തോമസ്, ചേരൻ എന്നിവർ കൂടാതെ സുരാജ് വെഞ്ഞാറമൂട്, പ്രിയംവദ കൃഷ്ണ, ആര്യ സലിം, റിനി ഉദയകുമാർ, എന്നിവരും ഈ ചിത്രത്തിന്റെതാരനിരയിലുണ്ട്. കുട്ടനാട്ടിൽ ചിത്രീകരണം ആരംഭിച്ച നരിവേട്ട പിന്നീട് കാവാലത്തും പുളിങ്കുന്നിലും ചങ്ങനാശ്ശേരിയിലും വയനാട്ടിലും ആയാണ് ചിത്രീകരണം പൂർത്തിയാക്കിയത്. എൻ എം ബാദുഷയാണ് നരിവേട്ടയുടെ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ. ഛായാഗ്രഹണം വിജയ്, സംഗീതം ജേക്സ് ബിജോയ്, എഡിറ്റർ ഷമീർ മുഹമ്മദ്, ആർട്ട് ബാവ, കോസ്റ്റ്യൂം അരുൺ മനോഹർ, മേക്ക് അപ് അമൽ സി ചന്ദ്രൻ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് സക്കീർ ഹുസൈൻ,പ്രതാപൻ കല്ലിയൂർ, പ്രൊജക്റ്റ് ഡിസൈനർ ഷെമി ബഷീർ, സൗണ്ട് ഡിസൈൻ രംഗനാഥ് രവി, പി ആർ ഒ & മാർക്കറ്റിംഗ് വൈശാഖ് വടക്കേവീട്, ജിനു അനിൽകുമാർ.







# സുരാജ് വെഞ്ഞാറമൂട്, ഷറഫുദീൻ കോംബോ ഒന്നിക്കുന്ന പടക്കളം

സുരാജ് വെഞ്ഞാറമൂട്, ഷറഫുദീൻ എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി നവാഗതനായ മനു സ്വരാജ് സംവിധാനം ചെയ്യുന്ന പടക്കളം എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പുറത്ത്. ഫ്രൈഡേ ഫിലിം ഹൗസിന്റെ ബാനറിൽ വിജയ് ബാബു ആണ് ഈ ചിത്രം നിർമ്മിക്കുന്നത്. ഫ്രൈഡേ ഫിലിം ഹൗസിനൊപ്പം 29 സെപ്റ്റംബർ വർക്സ് എന്ന ബാനറിൽ വിജയ് സുബ്രമണ്യവും കൂടി ചേർന്നാണ് ചിത്രത്തിന്റെ നിർമ്മാണം നിർവഹിക്കുന്നത്. 2025 മെയ് രണ്ടാം തീയതി തീയേറ്ററുകളിലെത്തുന്ന ചിത്രത്തിൽ സുരാജ് വെഞ്ഞാറമൂട്, ഷറഫുദീൻ എന്നിവർക്കൊപ്പം ഒരു യുവതാരനിരയുമുണ്ട്.

ഫ്രൈഡേ ഫിലിം ഹൗസ് നിർമ്മിക്കുന്ന 22 ആം ചിത്രമാണ് പടക്കളം. ഈ 22 ചിത്രങ്ങൾ വഴി അവർ അവതരിപ്പിച്ച പുതുമുഖ സംവിധായകരിൽ 16 മത്തെ ആളാണ് മനു സ്വരാജ്. മ ഒരു ഫാന്റസി യൂത്ത് കോമഡി ചിത്രമായാണ് പടക്കളം ഒരുക്കിയിരിക്കുന്നത്. സന്ദീപ് പ്രദീപ്, നിരഞ്ജന അനൂപ്, സാഫ് ബോയ്, അരുൺ പ്രദീപ്, അരുൺ അജികുമാർ എന്നിവരും ചിത്രത്തിന്റെ താരനിരയിലുണ്ട്. എക്സികുട്ടീവ് പ്രൊഡ്യൂസർ വിനയ് ബാബു, രചന നിതിൻ സി ബാബു, മനു സ്വരാജ്, ഛായാഗ്രഹണം അനു മൂത്തേടത്, സംഗീതം രാജേഷ് മുരുഗേശൻ, എഡിറ്റർ നിധിൻ രാജ് ആരോൾ, കലാസംവിധാനം മകേഷ് മോഹനൻ, പ്രൊഡക്ഷൻ കൺട്രോളർ ഷിബു ജി സുശീലൻ, മേക്കപ്പ് റോണക്സ് സേവ്യർ, വസ്ത്രാലങ്കാരം സമീറ സനീഷ്, വരികൾ വിനായക് ശശികുമാർ, ആക്ഷൻ രാജശേഖർ, ഫാന്റം പ്രദീപ്, നൃത്തസംവിധാനം ലളിത ഷോബി, സൗണ്ട് ഡിസൈൻ രംഗനാഥ് രവി, സൗണ്ട് മിക്സിങ് കണ്ണൻ ഗണപത്, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ നിതിൻ മൈക്കൽ, ഡിഐ പോയറ്റിക്, വിഎഫ്എക്സ് പിക്റ്റോറിയൽ എഫ് എക്സ്, മാർക്കറ്റിങ് ഹൈറ്റ്സ്, സ്റ്റിൽസ് വിഷ്ണു എസ് രാജൻ, പബ്ലിസിറ്റി ഡിസൈനർ ആന്റണി സ്റ്റീഫൻ, പിആർഒ വാഴൂർ ജോസ്, വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ.

# ശിവരാത്രി: കൊച്ചി മെട്രോ സർവീസ് സമയം വർധിപ്പിച്ചു

**കൊച്ചി;** ആലുവ മഹാദേവ ക്ഷേത്രത്തിലെ ശിവരാത്രി ആഘോഷത്തോടനുബന്ധിച്ച് കൊച്ചി മെട്രോ സർവീസ് സമയം ദീർഘിപ്പിച്ചു. 26 ന് ബുധനാഴ്ച തൃപ്പൂണിത്തുറയിൽ നിന്നുള്ള സർവീസ് രാത്രി 11.30 വരെയുണ്ടാകും. 27 ന് വ്യാഴാഴ്ച ആലുവയിൽ നിന്നുള്ള സർവീസ് വെളുപ്പിന് 4.30 ന് ആരംഭിക്കും. തുടർന്ന് രാവിലെ ആറ് മണിവരെ അരമണിക്കൂർ ഇടവിട്ടും പിന്നീട് സാധാരണ നിലയ്ക്കും ആലുവയിൽ നിന്ന് സർവ്വീസ് ഉണ്ടായിരിക്കും.



വെണ്ണല തൈക്കാട്ട് ശ്രീ മഹാദേവക്ഷേത്രം ശിവരാത്രി തിരുവുത്സവത്തിന്റെ കലാപരിപാടികളുടെ ഉദ്ഘാടനം നടി മല്ലിക സുകുമാരൻ നിർവഹിക്കുന്നു. ക്ഷേത്ര ട്രസ്റ്റ് ചെയർമാൻ കുമാർ ട്രസ്റ്റിമാരായ വിനയകുമാർ, വേണുഗോപാൽ, പ്രദീപ് കുമാർ, ഉത്സവകമ്മിറ്റി ജോയിന്റ് കൺവീനർമാരായ ഷിബി സോമൻ, വിജയകുമാർ എന്നിവർ സമീപം

# പരിശുദ്ധ എപ്പിസ്‌ക്കോപ്പൽ സുന്നഹദോസ് ഇന്ന് തുടങ്ങും

**കോട്ടയം:** മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരിശുദ്ധ എപ്പിസ്‌ക്കോപ്പൽ സുന്നഹദോസിന് ഇന്ന് തുടക്കം. ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ അധ്യക്ഷതയിലാണ് പരിശുദ്ധ സുന്നഹദോസ് ചേരുന്നത്. സഭയിലെ മുഴുവൻ മെത്രാപ്പോലീത്താമാരും സംബന്ധിക്കും. മാർച്ച് 1ന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സമാപിക്കുമെന്ന് സുന്നഹദോസ് സെക്രട്ടറി ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത അറിയിച്ചു.

# വനിതാ കമ്മീഷൻ അദാലത്ത്: 21പരാതികൾക്ക് പരിഹാരം

**കൊച്ചി:** എറണാകുളം ഗവ ഗസ്റ്റ് ഹൗസ് ഹാളിൽ സംഘടിപ്പിച്ച സംസ്ഥാന വനിതാ കമ്മീഷൻ അദാലത്തിൽ 21 പരാതികൾ പരിഹരിച്ചു. ആകെ 101 പരാതികളാണ് പരിഗണിച്ചത്. ഇതിൽ 12 പരാതികളുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഒരു പരാതി ജില്ലാ ലീഗൽ സർവീസ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. പാതി വില സ്കൂട്ടർ തട്ടിപ്പുമായി ബന്ധപ്പെട്ട് അനവധി പരാതികൾ കമ്മീഷന് ലഭിച്ചു.

ജനങ്ങളിൽ കൃത്യമായി അവബോധം സൃഷ്ടിക്കാൻ കഴിഞ്ഞതിനാൽ പരാതികളുമായി എത്തുന്ന സ്ത്രീകളുടെ എണ്ണം വർധിച്ചിട്ടുണ്ടെന്നു കമ്മീഷൻ അധ്യക്ഷ പി. സതീദേവി പറഞ്ഞു.

മുൻകാലങ്ങളെ അപേക്ഷിച്ച് ഗാർഹിക ചൂഷണങ്ങളേക്കാൾ കൂടുതൽ പരാതികൾ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടാണെന്നും അവർ കൂട്ടിച്ചേർത്തു.

അദാലത്തിൽ വനിതാ കമ്മീഷൻ അംഗം അഡ്വ. ഇന്ദിര രവീന്ദ്രൻ, മെമ്പർ സെക്രട്ടറി വൈ.ബി ബീന എന്നിവർ പങ്കെടുത്തു.



# വൈ.എം.സി.എ കുടുംബ സംഗമം

**കൊച്ചി:** എറണാകുളം വൈ.എം.സി.എ അംഗങ്ങളുടെ കുടുംബ സംഗമം വൈ.എം.സി.എയിൽ നടന്നു. വൈ.എം.സി.എ പ്രസിഡന്റ് ഡോ. ടെറി തോമസ് എടത്തൊട്ടി സംഗമം ഉദ്ഘാടനം ചെയ്തു. വൈ.എം.സി.എയുടെ ഡയാലിസിസ് പ്രൊജക്റ്റ് ആയ സ്നേഹ സ്പർശം സീനിയർ പാസ്റ്റർ പ്രസിഡന്റ് അഡ്വ. മാത്യൂസ് ജേക്കബ് തുടക്കം കുറിച്ചു. വൈ.എം.സി.എയുടെ മെമ്പേഴ്സ് ഡയറക്ടറി നാഷണൽ ജനറൽ സെക്രട്ടറി എൻ.വി.എൽദോ പ്രകാശനം ചെയ്തു. വൈ.എം.സി.എ മുൻ പ്രസിഡന്റ്മാർ, മുൻ ജനറൽ സെക്രട്ടറിമാരെയും വൈ.എം.സി.എ പ്രസിഡന്റ് ഡോ. ടെറി തോമസ് എടത്തൊട്ടി ആദരിച്ചു. എബ്രഹാം സൈമൺ, ചെയർമാൻ സോഷ്യൽ സർവീസ് കമ്മിറ്റി, റെജി എ ജോർജ്, ചെയർമാൻ മെമ്പർഷിപ്പ് & പബ്ലിക്കേഷൻ കമ്മിറ്റി, ഷോൺ ജെഫ് ക്രിസ്റ്റഫർ, ഹോണററി ട്രഷറർ, മാത്യു മുണ്ടാട്ട്, സജി എബ്രഹാം, ആന്റോ ജോസഫ്, ജനറൽ സെക്രട്ടറി എന്നിവർ പ്രസംഗിച്ചു. തുടർന്ന് വൈ.എം.സി.എ കുടുംബാംഗങ്ങളുടെ കലാപരിപാടികൾ നടന്നു.

# മത്സ്യക്കുഞ്ഞുങ്ങളെ നൽകിയില്ല; ഹാച്ചറി ഉടമ നഷ്ടപരിഹാരം നൽകാൻ ഉത്തരവ്

**കൊച്ചി:** വാഗ്ദാനം നൽകിയതിനു ശേഷം അഡ്വാൻസ് തക വാങ്ങുകയും തുടർ നടപടികൾ സ്വീകരിക്കാതെ ഉപഭോക്താവിനെ കബളിപ്പിക്കുകയും ചെയ്ത ഫിഷ് ഹാച്ചറി സ്ഥാപനം സേവനത്തിലെ ന്യൂനതയും അധാർമികമായ വ്യാപാര രീതിയുമാണ് അവലംബിച്ചതെന്ന് എറണാകുളം ജില്ലഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ.

എറണാകുളം, കിഴക്കമ്പലം സ്വദേശി ജോയ് എം വി , തൃശ്ശൂർ ജില്ലയിലെ പട്ടിക്കാട് പ്രവർത്തിക്കുന്ന മേക്കര ഫിഷ് ഹാച്ചറി എന്ന സ്ഥാപനത്തിനെതിരെ സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

പരാതിക്കാരന്റെ മീൻകുളത്തിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുവേണ്ടിയാണ് എതിർകക്ഷിയെ സമീപിച്ചത്. എതിർകക്ഷിയുടെ ആവശ്യപ്രകാരം ആയിരം രൂപ അഡ്വാൻസായി നൽകുകയും ചെയ്തു.

മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി പരാതിക്കാരൻ തൊഴിലാളികളെ നിർത്തി മത്സ്യക്കുളം വൃത്തിയാക്കി. എന്നാൽ മത്സ്യക്കുഞ്ഞുങ്ങളെ എതിർകക്ഷി എത്തിച്ചില്ല.

മത്സ്യക്കുഞ്ഞുങ്ങളെ എത്തിക്കാത്തതുമൂലം മീൻ വളർത്തൽ കൃഷി പരാതിക്കാരന് ഉപേക്ഷിക്കേണ്ടിവന്നു.

വാഗ്ദാനം നൽകിയതിനു ശേഷം കബളിപ്പിച്ചതിന് നഷ്ടപരിഹാരവും കോടതി ചെലവും അഡ്വാൻസായി നൽകിയ തുകയും ആവശ്യപ്പെട്ടാണ് പരാതിക്കാരൻ ഉപഭോക്തൃ കമ്മിഷനെ സമീപിച്ചത്.

ഉറപ്പുനൽകിയതിനു ശേഷവും ഉപഭോക്താവിനെ കബളിപ്പിച്ച നടപടി അധാർമികമായ വ്യാപാര രീതിയാണെന്ന് ഡി.ബി ബിനു പ്രസിഡണ്ടും വി.രാമചന്ദ്രൻ, ടി.എൻ ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബെഞ്ച് നിരീക്ഷിച്ചു. 10000 രൂപ നഷ്ടപരിഹാരവും ആയിരം രൂപ അഡ്വാൻസ് തിരിച്ചു നൽകുകയും, 5000 രൂപ കോടതി ചെലവും 45 ദിവസത്തിനുള്ളിൽ എതിർകക്ഷി പരാതിക്കാരന് നൽകണമെന്ന് നിർദേശിച്ചു. പരാതിക്കാരന് വേണ്ടി അഡ്വ. സുജ മാത്യു ഹാജരായി.



# ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു

**മൂവാറ്റുപുഴ:** മഹാത്മാഗാന്ധി സർവ്വകലാശാല കോളേജ് ഡെവലപ്മെന്റ് കൗൺസിലിന്റെയും മൂവാറ്റുപുഴ നിർമ്മല കോളേജ് (ഓട്ടോണോമസ്) ഹിന്ദി വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. സാഹിത്യം,ഭാഷ, മാനവികത എന്ന വിഷയത്തെ ആധാരമാക്കി രണ്ട് ദിവസം നീണ്ടുനിന്ന സെമിനാർ കവിയും നിരൂപകനുമായ പ്രൊഫ.അച്യുതാനന്ദ മിശ്ര ഉദ്ഘാടനം ചെയ്തു.കോളേജ് മാനേജർ മോൺ. ഫാ. പയസ് മലേക്കണ്ടത്തിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡൽഹി സർവകലാശാല പ്രൊഫ. ഭാരതി ഗോരെ മുഖ്യ പ്രഭാഷണം നടത്തി.ഭാഷ മനുഷ്യർ തമ്മിലുള്ള ആശയവിനിമയത്തിന്റെയും സംസ്കാരപരമായ ബന്ധത്തിന്റെയും ഉപാധിയാകുമ്പോൾ, സാഹിത്യം അവയുടെ ആന്തരികമായ മൂല്യങ്ങൾ പ്രതിനിധീകരിക്കുന്നുവെന്നും ഭാരതീയ സംസ്കാരത്തിന്റെയും മാനവികതയുടെ വൈവിധ്യമാർന്ന തലങ്ങളെയും ചിത്രീകരിക്കുന്നതിൽ ഹിന്ദി ഭാഷ മറ്റു ഭാഷകളിൽ നിന്നും വേറിട്ട ഒരു അനുഭൂതി പങ്കു വെക്കുന്നുവെന്നും അവർ ചൂണ്ടിക്കാട്ടി. കാലടി സർവകലാശാല പ്രൊഫ.ശാന്തി നായർ, കവിയും നിരൂപകനുമായ ശ്രീ രഞ്ജിത്ത് രവി ശൈലം എന്നിവർ പ്രമുഖ വക്താക്കളായി.വിവിധ കോളേജുകളിൽ നിന്നുള്ള അധ്യാപകരും ഗവേഷക വിദ്യാർഥികളും സെമിനാറിൽ പങ്കെടുക്കുകയും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ജസ്റ്റിൻ കെ കുര്യാക്കോസ് കോളേജ് ബർസാർ ഫാ. പോൾ കളത്തൂർ വൈസ് പ്രിൻസിപ്പൽ മാരായ പ്രൊഫ എ. ജെ ഇമ്മാനുവൽ,ഡോ. സോണി കുര്യാക്കോസ്, ഹിന്ദി വിഭാഗം മേധാവി ഡോ. ജൂലിയ ഇമ്മാനുവൽ കോർഡിനേറ്റർമാരായ ഡോ. ജി. സുജിത, ഡോ. അഞ്ജലി ജോസഫ് എന്നിവർ സെമിനാറിന് നേതൃത്വം നൽകി.

# മാതൃകയായി വീണ്ടും: രാജ്യത്ത് ആദ്യമായി ജില്ലാതല ആശുപത്രികളിൽ ഫാറ്റി ലിവർ ക്ലിനിക്കുകൾ

**തിരുവനന്തപുരം:** ജില്ലാതല ആശുപത്രികളിൽ ആദ്യമായി ഫാറ്റി ലിവർ ക്ലിനിക്കുകൾ ആരംഭിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കരൾ രോഗങ്ങൾ പ്രത്യേകിച്ച് ഫാറ്റി ലിവർ രോഗം നേരത്തെ കണ്ടുപിടിച്ച് ചികിത്സിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഫാറ്റി ലിവർ ക്ലിനിക്കുകൾ ആരംഭിക്കുന്നത്. ജനസംഖ്യയിൽ നല്ലൊരു ശതമാനത്തോളം ആളുകളെ നിശബ്ദമായി ബാധിക്കുന്ന ഒരു രോഗമായി നോൺ ആൾക്കഹോളിക് ഫാറ്റി ലിവർ ഡിസീസ് (എൻഎഎഫ്എൽഡി) മാറിയിരിക്കുന്ന സാഹചര്യത്തിലാണ് ആരോഗ്യ വകുപ്പ് നിർണായക ഇടപെടൽ നടത്തുന്നത്. ഫാറ്റി ലിവർ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് ജില്ലകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആദ്യഘട്ടമായി തിരുവനന്തപുരം ജനറൽ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, മലപ്പുറം തിരൂർ ജില്ലാ ആശുപത്രി എന്നിവിടങ്ങളിലാണ് ഫാറ്റി ലിവർ ക്ലിനിക്കുകൾ ആരംഭിക്കുന്നത്. ഘട്ടംഘട്ടമായി സംസ്ഥാനത്ത് ഉടനീളം ഫാറ്റി ലിവർ ക്ലിനിക്കുകൾ വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി.

രക്ത പരിശോധനാ ലാബുകൾ, സ്കാനിംഗ് തുടങ്ങി നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമേ ഫാറ്റി ലിവറിന്റെ കാഠിന്യമറിയാനുള്ള ഫൈബ്രോ സ്കാനിംഗ് മെഷീൻ ഉൾപ്പെടെ സജ്ജമാക്കിയാണ് ഫാറ്റി ലിവർ ക്ലിനിക്കുകൾ ആരംഭിക്കുന്നത്. നിലവിൽ പ്രധാന മെഡിക്കൽ കോളേജുകളിലും ഫാറ്റി ലിവർ ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു.

വളരെ നേരത്തെ കണ്ടുപിടിച്ച് ചികിത്സിച്ചില്ലെങ്കിൽ കരളിന്റെ പ്രവർത്തനം തന്നെ അപകടകരത്തിലായി അതീവ ഗുരുതരാവസ്ഥയിലേക്ക് പോകുന്ന ഒരു രോഗമാണ് ഫാറ്റി ലിവർ. മദ്യപാനത്തിലൂടെയോ അല്ലെങ്കിൽ മരുന്നുകളുടെ ദുരുപയോഗം കൊണ്ടോ ഉണ്ടാകുന്ന രോഗമാണ് ഫാറ്റി ലിവർ എന്നാണ് പലരും കരുതിയിരുന്നത്. എന്നാൽ ഇവയല്ലാതെ ഉണ്ടാകുന്ന രോഗമാണ് നോൺ ആൾക്കഹോളിക് ഫാറ്റി ലിവർ. വലിയ രോഗലക്ഷണങ്ങൾ ഒന്നുമില്ലാത്തതിനാൽ കണ്ടെത്താനും താമസം വരുന്നു. അതിനാൽ ഈ രോഗത്തിന്റെ സങ്കീർണതകളായ ലിവർ സിറോസിസോ കാൻസറോ ആയി മാറാൻ സാധ്യതയുണ്ട്. നേരത്തെ കണ്ടുപിടിക്കുന്നതിലൂടെയും ചികിത്സയിലൂടെയും ജീവിതശൈലി മാറ്റങ്ങളിലൂടെയും ഭക്ഷണ ക്രമീകരണത്തിലൂടെയും ഈ രോഗത്തെ നിയന്ത്രിക്കാൻ സാധിക്കും. അതിനായി ഫാറ്റി ലിവർ ക്ലിനിക്കുകൾ ഏറെ സഹായിക്കും.

സാധാരണയായി അമിതവണ്ണം, പ്രമേഹം, ഉയർന്ന കൊളസ്ട്രോൾ തുടങ്ങിയ അവസ്ഥകളിലുള്ളവരിലാണ് ഫാറ്റി ലിവർ കാണപ്പെടുന്നത്. ഫാറ്റി ലിവർ രോഗത്തിന് പലപ്പോഴും ലക്ഷണങ്ങൾ ഉണ്ടാകാറില്ല.

# എസ്ഐബി ക്വിക്ക്പിഎൽ' അവതരിപ്പിച്ച് സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി:** പേഴ്സണൽ ഫിനാൻസ് സേവനങ്ങൾ ലളിതമാക്കുന്നതിന് സമ്പൂർണ ഡിജിറ്റൽ പേഴ്സണൽ ലോൺ പ്ലാറ്റ്ഫോമായ 'എസ്ഐബി ക്വിക്ക്പിഎൽ' അവതരിപ്പിച്ച് സൗത്ത് ഇന്ത്യൻ ബാങ്ക്. ഉയർന്ന സിബിൽ സ്കോറുള്ള പുതിയ ഉപഭോക്താക്കൾക്ക് പത്തു മിനിറ്റിൽ പേഴ്സണൽ ലോൺ ലഭ്യമാക്കാൻ ഈ സേവനം സഹായകമാകും. കൂടാതെ, ഇന്ത്യയിലെ ഏത് ബാങ്കിന്റെയും സേവിംഗ്സ് അക്കൗണ്ടിലേക്ക് തുക നിക്ഷേപിക്കുകയും ചെയ്യാനാവുമെന്നും സൗത്ത് ഇന്ത്യൻ ബാങ്ക് സിജിഎമ്മും റീട്ടെയിൽ അസറ്റ്സ് ഹെഡുമായ സഞ്ജയ് സിൻഹ പറഞ്ഞു.

എസ്ഐബിയുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പ്രീ അപ്രൂവ്ഡ് പേഴ്സണൽ ലോണുകൾ ഒരു മിനിറ്റിൽ ലഭ്യമാക്കുന്ന സംവിധാനം 2019 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. എളുപ്പത്തിലുള്ള വേരിഫിക്കേഷൻ നടപടികളിലൂടെ ഡോക്യുമെന്റുകൾ ആവശ്യമില്ലാതെ ലോൺ ലഭിക്കുന്നതിന് എസ്ഐബിയുടെവെബ്സൈറ്റിൽ ഉള്ളhttps://pl.southindianbank.com/quickpl/login എന്ന പോർട്ടൽ വഴി അപേക്ഷിക്കാവുന്നതാണ്.ഉപഭോക്താക്കളുടെ ആഗ്രഹങ്ങളും സ്വപ്നങ്ങളും പൂർത്തീകരിക്കുന്നതിനുള്ള സാമ്പത്തിക കരുത്തു പകരാൻ ഈ 'എസ്ഐബി ക്വിക്ക്പിഎൽ' സേവനം സഹായകമാകുമെന്നും സഞ്ജയ് സിൻഹ പറഞ്ഞു. ഉപഭോക്താക്കളുടെ മാറി വരുന്ന ആവശ്യങ്ങൾക്കനുസരിച്ച് വേഗമേറിയതും സുതാര്യവും ഉപഭോക്തൃസൗഹൃദവുമായ ധനകാര്യ ഓപ്ഷനുകൾ അവതരിപ്പിക്കുന്ന എസ്ഐബിയുടെ ഡിജിറ്റൽ മേഖലയിലെ മറ്റൊരു നാഴികക്കല്ലാണ് ഇതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ടാറ്റാ എഐഎ മൊമന്റം ക്വാളിറ്റി ഇൻഡക്സ് പെൻഷൻ ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ടാറ്റാ എഐഎ ലൈഫ് ഇൻഷുറൻസ് കമ്പനി പുതിയ ഫണ്ട് ഓഫറായ മൾട്ടിക്യാപ് മൊമൻറം ക്വാളിറ്റി ഇൻഡക്സ് പെൻഷൻ ഫണ്ട് വിപണിയിലവതരിപ്പിച്ചു. പുതിയ ഫണ്ട് വിപണിയിലെ വളർച്ചാ അവസരങ്ങൾ പ്രയോജനപ്പെടുത്തി നിക്ഷേപത്തിൻറെ സ്ഥിരത സംരക്ഷിക്കുന്ന രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നതെന്ന് ടാറ്റാ എഐഎ ചീഫ് ഇൻവെസ്റ്റ്മെൻറ് ഓഫിസർ ഹർഷദ് പാട്ടീൽ പറഞ്ഞു.

മൾട്ടിക്യാപ് മൊമന്റം ക്വാളിറ്റി 50 സൂചികയിലെ ഉയർന്ന വളർച്ചാ സാധ്യതയുള്ള കമ്പനികളിൽ നിക്ഷേപിച്ച് ദീർഘകാല മൂലധന വളർച്ച സാധ്യമാക്കുന്നതാണ് പുതിയ ഫണ്ട്. ലാർജ്, മിഡ്, സ്മോൾക്യാപ് ഓഹരികളിൽ നിക്ഷേപിക്കുന്നതിനാൽ സന്തുലിതമായ വളർച്ച കൈവരിക്കാൻ സാധിക്കുന്നു. മൊമൻറം, ക്വാളിറ്റി എന്നീ ഘടകങ്ങൾ പരിഗണിച്ച് ശക്തമായ അടിത്തറയും വളർച്ചയും ഉള്ള കമ്പനികളുടെ ഓഹരികളിലാണ് നിക്ഷേപിക്കുന്നത്. ഓൺലൈനായും ടാറ്റാ എഐഎയുടെ വെബ്സൈറ്റു വഴിയും ഡിജിറ്റൽ പങ്കാളികളായ പോളിസി ബസാർ, ടാറ്റാ ന്യൂ, ഫോൺപേ തുടങ്ങിയവ വഴിയും സുഗമമായി നിക്ഷേപം നടത്താനാകും.ഓഹരി, ഓഹരി അധിഷ്ഠിത മേഖലകളിലാവും 80 മുതൽ 100 ശതമാനം വരെ നിക്ഷേപം. 0 മുതൽ 20 ശതമാനം വരെ കാഷ്, മണി മാർക്കറ്റ് സെക്യൂരിറ്റികളിലും നിക്ഷേപിക്കും. നഷ്ട സാധ്യതകൾ മനസിലാക്കി ഉയർന്ന വരുമാനം ലഭിക്കുന്ന വിധത്തിലാണ് ഫണ്ട് രൂപകൽപന ചെയ്തിട്ടുള്ളത്. പ്രതിവർഷം 1.35 ശതമാനമായിരിക്കും ഫണ്ട് മാനേജുമെൻറ് ചാർജ്. 2025 ഫെബ്രുവരി 21ന് ആരംഭിച്ച് 2025 ഫെബ്രുവരി 28 വരെയാണ് എൻഎഫ്ഒ കാലാവധിയെന്നും ഹർഷദ് പാട്ടീൽ പറഞ്ഞു.

# ഗ്യാരണ്ടീഡ് പെൻഷൻ ഗോൾ 2 അവതരിപ്പിച്ച് ബജാജ് അലയൻസ് ലൈഫ്

**കൊച്ചി:** ബജാജ് അലയൻസ് ലൈഫ് പുതുതലമുറാ അനൂറ്റി പദ്ധതിയായ ഗ്യാരണ്ടീഡ് പെൻഷൻ ഗോൾ 2 അവതരിപ്പിച്ചു. ഉപഭോക്താക്കൾക്ക് തങ്ങളുടെ റിട്ടയർമെൻറ് പ്ലാനിങ്ങിൻറെ നിയന്ത്രണം ഏറ്റെടുക്കാൻ സഹായകമായ നോൺ ലിങ്ക്ഡ്, നോൺ പാർട്ടിസിപ്പേറ്റിങ് വിഭാഗത്തിൽ പെട്ട ഈ പദ്ധതി പ്രകാരം ഉടൻ തന്നെയോ പിന്നീടോ എന്ന രീതിയിലോ വരുമാനം ലഭിക്കും. ഈ മേഖലയിൽ ഇതാദ്യമായി 30 വർഷം വരെ കാത്തിരിപ്പു കാലാവധിയും ഈ പദ്ധതി അവതരിപ്പിക്കുന്നുണ്ട്. 35 വയസ്സ് പ്രായം ആയവർക്കും സുഗമമായ റിട്ടയർമെൻറ് പ്ലാനിങ്ങിനാണ് ഇതു വഴിയൊരുക്കുന്നതെന്ന് ബജാജ് അലയൻസ് ലൈഫ് മാനേജിങ് ഡയറക്ടറും സിഇഒയുമായ തരുൺ ചുങ് പറഞ്ഞു.

മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ വഴി ഇന്ത്യയിലെ ജീവിത ദൈർഘ്യം വർധിച്ചു വരികയാണ്. പലരും തങ്ങളുടെ എഴുപതുകളിലും എൺപതുകളിലും മികച്ച രീതിയിലെ ജീവിതമാണു നയിക്കുന്നത്. സ്ഥിര വരുമാനമില്ലാതെ 2530 വർഷം ഒരാൾക്ക് ചെലവുകൾ നടത്താമെന്നാണ് ഇതു വ്യക്തമാക്കുന്നത്. വിദേശ രാജ്യങ്ങളിൽ റിട്ടയർ ചെയ്തവർക്ക് സാമൂഹ്യ സുരക്ഷാ പദ്ധതികളിലൂടെ രണ്ടാമത്തെ വരുമാന സ്രോതസു കണ്ടെത്താനാവും എന്നാൽ ഇന്ത്യക്കാർക്ക് അതില്ല.

അതുകൊണ്ടു തന്നെ ശക്തമായ റിട്ടയർമെൻറ് പദ്ധതികൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. 35 വയസ്സ് പ്രായം മുതൽ തന്നെ റിട്ടയർമെൻറിനായുള്ള തയ്യാറെടുപ്പുകൾ നടത്താൻ സഹായിക്കുന്നതാണ് ബജാജ് അലയൻസ് ലൈഫിൻറെ ഗ്യാരണ്ടീഡ് പെൻഷൻ ഗോൾ 2 എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# പുതിയ ഹാഫ്ടൈം ക്യാംപയിനുമായി കൊക്കക്കോള

**കൊച്ചി:** ഹാഫ്ടൈം എന്ന പുതിയ ക്യാംപയിൻ അവതരിപ്പിച്ച് കൊക്കക്കോള. പൊതുവേ കായിക മത്സരങ്ങളുടെ ഭാഗമായി പ്രയോഗിക്കപ്പെടുന്ന ഹാഫ്ടൈം എന്ന വാക്കിലൂടെ, ഒരു സാധാരണ ഇടവേളയെ എങ്ങനെ അർത്ഥപൂർണമായ അനുഭവമാക്കിത്തീർക്കാം എന്നാണ് കൊക്കക്കൊളയുടെ ക്യാംപയിൻ വ്യക്തമാക്കുന്നതെന്ന് കൊക്കക്കോള ഇന്ത്യ& സൗത്ത് വെസ്റ്റ് ഏഷ്യ കൊക്കക്കോള വിഭാഗം മാർക്കറ്റിംഗ് സീനിയർ ഡയറക്ടർ കൗശിക് പ്രസാദ് പറഞ്ഞു.




ഒരു ചെറിയ ഇടവേള എങ്ങനെ ഒരു പുതിയ കാഴ്ചപ്പാടിന് തുടക്കമിടുന്നുവെന്ന് ആഗോളതലത്തിൽ പുറത്തിറക്കിയിട്ടുള്ള ഈ ക്യാംപയിൻ പറയുന്നു. ജീവിതത്തിൽ തളരാതെ മുന്നോട്ട് പോകുവാനുള്ള ഏറ്റവും മികച്ച മാർഗം ഒരു ഹാഫ്ടൈം എടുക്കുക എന്നതാണെന്നും ക്യാംപയിൻ പറയുന്നു. ദിബാകർ ബാനർജിയാണ് സംവിധാനം. സ്നേഹ ഖാൻവാക്കർ സംഗീതവും ഖുല്ലർ ജി ഗാന രചനയും നിർവ്വഹിച്ചിരിക്കുന്നു.



# വാർധക്യത്തിൽ താങ്ങാകാൻ പുത്തൂരിൽ സെന്റർ ഫോർ സീനിയർ ലിവിംഗ്

**തൃശൂർ:** പ്രായമായവരുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ സെൻറർ ഫോർ സീനിയർ ലിവിംഗുമായി ജോയ് ആലുക്കാസ്. തൃശൂർ പുത്തൂരിൽ സ്ഥാപിക്കുന്ന സെൻററിൻറെ കല്ലിടൽ ചടങ്ങ് ജോയ് ആലുക്കാസ് ഗ്രൂപ്പ് ചെയർമാനും എംഡിയുമായ ജോയ് ആലുക്കാസും ജോയ് ആലുക്കാസ് ഫൗണ്ടേഷൻ ഡയറക്ടർ ജോളി ജോയ് ആലുക്കാസും ചേർന്നു നിർവഹിച്ചു.

പുത്തൂർ പള്ളി വികാരി ഫാ. ജോജു പനയ്ക്കൽ ചടങ്ങിനു കാർമികത്വം വഹിച്ചു. പ്രായമായവർക്കു കരുതലേകാൻ പാലിയേറ്റീവ് കെയർ യൂണിറ്റ് ഉൾപ്പെടെ മികച്ച ഡയാലിസിസ് യൂണിറ്റും 82 മുറികളിലായി 225 കിടക്കകളും സെൻററിൽ സജ്ജമാക്കും. സാന്പത്തികമായി പിന്നാക്കംനിൽക്കുന്നവർക്കു സൗജന്യ സേവനങ്ങൾ ലഭ്യമാക്കാനും ലക്ഷ്യമിടുന്നു.

സെൻറർ ഫോർ സീനിയർ ലിവിംഗിലൂടെ ആധുനിക ചികിത്സാരീതികളാണ് ലഭ്യമാക്കുന്നതെന്ന് ജോയ് ആലുക്കാസ് ഗ്രൂപ്പ് ചെയർമാനും എംഡിയുമായ ജോയ് ആലുക്കാസ് പറഞ്ഞു.

30 കോടിയോളം ചെലവിട്ടു നിർമിക്കുന്ന ഭവനം ഈ വർഷം അവസാനം പൂർത്തിയാക്കും. കേരളം, തമിഴ്നാട്, ആന്ധ്രപ്രദേശ്, കർണാടക, തെലങ്കാന എന്നിവിടങ്ങളിലായി പത്തോളം സെൻററുകൾ ആരംഭിക്കും. ജോയ് ആലുക്കാസ് ഫൗണ്ടേഷൻറെ സാമൂഹികപ്രതിബദ്ധത അടിവരയിടുന്നതാണു സെൻറർ ഫോർ സീനിയർ ലിവിംഗ് എന്ന് ജോളി ജോയ് ആലുക്കാസ് പറഞ്ഞു.

ജോയ് ആലുക്കാസ് എക്സിക്യൂട്ടീവ് ഡയറക്ടർ തോമസ് മാത്യു, സിഒ ഹെൻറി ജോർജ് എന്നിവർ പങ്കെടുത്തു.

# രാജ്യത്തെ പ്രമുഖ നഗരങ്ങളിൽ ഗൂഗിളിന്റെ ചില്ലറവില്പന

**കൊല്ലം:** ഇന്ത്യൻ വിപണിയിൽ സ്വന്തമായി സ്റ്റോറുകൾ തുറന്ന് ചുവടുറപ്പിക്കാർ ഗൂഗിൾ തയാറെടുപ്പുകൾ ആരംഭിച്ചു. അമേരിക്കയ്ക്കു പുറത്ത് ഗൂഗിളിൻറെ ആദ്യ ചില്ലറ വിൽപ്പനശാലകൾ ഇന്ത്യയിലായിരിക്കും തുറക്കുക. ഇതിനായി ദക്ഷിണേന്ത്യൻ നഗരങ്ങളടക്കം ഗൂഗിളിൻറെ പരിഗണനയിലുണ്ട്. ഇതിനു മുന്നോടിയായി അമേരിക്കയിൽനിന്നുള്ള ഗൂഗിളിൻറെ ഉന്നത ഉദ്യോഗസ്ഥ സംഘം അടുത്തിടെ ഇന്ത്യയിൽ എത്തിയിരുന്നു. വിപണി സാധ്യത സംബന്ധിച്ച വിശദമായ പഠനമായിരുന്നു അവരുടെ ലക്ഷ്യം.ന്യൂഡൽഹിയിലെയും മുംബൈയിലെയും പ്രമുഖ മാളുകൾ അടക്കം അവർ സന്ദർശിക്കുകയും ചെയ്തു.

ആദ്യം ഡൽഹിയിലും മുംബൈയിലും ആയിരിക്കും സ്റ്റോറുകൾ തുറക്കുക. 15,000 ചതുരശ്ര അടിയിലുള്ളതായിരിക്കും ഓരോ സ്റ്റോറുകളും. ആറു മാസത്തിനുള്ളിൽ ഇവ തുറക്കുന്നതിനുള്ള ശ്രമങ്ങളിലാണ് ഗൂഗിൾ. ഇവയുടെ പ്രവർത്തനം വിജയകരമാണെങ്കിൽ പിന്നീട് ഗുരുഗ്രാമിലും ബംഗളൂരുവിലും സ്റ്റോറുകൾ ആരംഭിക്കാനും ഗൂഗിളിന് പദ്ധതിയുണ്ട്.അമേരിക്കയിൽ ആകെ അഞ്ച് സ്റ്റോറുകൾ മാത്രമാണ് ഗൂഗിളിനുള്ളത്. പിക്സൽ ഫോൺ, സ്മാർട്ട് വാച്ച്, ഇയർ ബഡ്സ് തുടങ്ങിയവയാണ് പ്രധാന ഉത്പന്നങ്ങൾ. എന്നാൽ, ഇന്ത്യൻ വിപണിയിൽ കൂടുതൽ ഉത്പന്നങ്ങൾ അവതരിപ്പിക്കാനാണ് ഗൂഗിൾ ലക്ഷ്യമിടുന്നത്.

ആപ്പിളിൻറെ മാതൃകയിൽ വിപണി ശൃംഖല വിപുലീകരിക്കാനാണ് ഗൂഗിളും ശ്രമം നടത്തുന്നത്. ആപ്പിളിന് ലോകത്താകമാനം നിലവിൽ 500 സ്റ്റോറുകൾ ഉണ്ട്. അവരുമായി കടുത്ത മത്സരത്തിന് കളമൊരുക്കാൻ തന്നെയാണ് ഗൂഗിൾ തീരുമാനം.

നിലവിൽ ഗൂഗിൾ ഉത്പന്നങ്ങൾ ഇന്ത്യൻ വിപണിയിൽ വിറ്റഴിക്കുന്നത് അംഗീകൃത റീട്ടയിൽ പാർട്ണർമാർ വഴിയും ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിലൂടെയുമാണ്. ഗൂഗിളിൻറെ പിക്സൽ ഫോണുകളുടെ ഇന്ത്യയിലെ വിപണി വിഹിതം കേവലം രണ്ട് ശതമാനം മാത്രമാണ്. ഇത് ആപ്പിളിൻറെ വിഹിതവുമായി താരതമ്യപ്പെടുത്തുമ്പോൾ തുലോം തുച്ഛമാണ്. സ്റ്റോറുകൾ പ്രവർത്തനം ആരംഭിക്കുന്നതോടെ ഇതിൽ വലിയ മുന്നേറ്റം ഉണ്ടാക്കാൻ സാധിക്കുമെന്നാണ് ഗൂഗിളിൻറെ പ്രതീക്ഷ. 2023 മുതലാണ് ആപ്പിൾ സ്റ്റോറുകൾ മുംബൈയിലും ഡൽഹിയിലും ആരംഭിച്ചത്. അതിനുശേഷം അവർ പ്രീമിയം സ്മാർട്ട് ഫോൺ രംഗത്ത് വൻ കുതിച്ചുചാട്ടമാണ് നടത്തിയത്. ഇതിനെ മറികടക്കാൻ തന്നെയാണ് ഗൂഗിൾ പദ്ധതികൾ തയാറാക്കിയിട്ടുള്ളത്.



# കൊച്ചിയിൽ ഈറ്റ് റൈറ്റ് വാക്കത്തോൺ സംഘടിപ്പിച്ചു

**കൊച്ചി:** ഈറ്റ് റൈറ്റ് ഇന്ത്യയുടെ ഭാഗമായി കൊച്ചിയിൽ ഈറ്റ് റൈറ്റ് വാക്കത്തോൺ സംഘടിപ്പിച്ചു.എഫ്എസ്എസ്എഐ സതേൺ റീജിയൺ, കൊച്ചിയിലെ സേക്രഡ് ഹാർട്ട് കോളേജിലെ മാനേജ്മെന്റ്, സ്റ്റാഫ്, വിദ്യാർത്ഥികൾ, പ്രമുഖ ആഗോള പോഷകാഹാര കമ്പനിയായ ഹെർബലൈഫ് എന്നിവരുടെ പിന്തുണയോടെയാണ് പരിപാടി സംഘടിപ്പിച്ചത്. ആരോഗ്യകരമായ ഭക്ഷണങ്ങൾ തിരഞ്ഞെടുക്കുന്നതിനും ജീവിതശൈലി ശീലങ്ങൾക്കും വേണ്ടി നടത്തിയ പരിപാടിയിൽ ഏകദേശം 1,000 പേർ പങ്കെടുത്തു. ദൈനംദിന ജീവിതത്തിൽ ആരോഗ്യകരമായ ഭക്ഷണക്രമത്തിന്റെയും നല്ല ഭക്ഷണരീതികളുടെയും പ്രാധാന്യത്തെക്കുറിച്ച് പൊതുജന അവബോധം വളർത്തുക എന്നതാണ് വാക്കത്തോൺ വഴി ലക്ഷ്യമിടുന്നത്. കൊച്ചിയിലെ തേവരയിലുള്ള സേക്രഡ് ഹാർട്ട് കോളേജ് കാമ്പസിൽ രാവിലെ അരുണിമയുടെ ഊർജ്ജസ്വലമായ സുംബ സെഷനോടെയാണ് പരിപാടി ആരംഭിച്ചത്. ധീര ഡാൻസ് കമ്പനിയുടെ നൃത്തങ്ങളും അരങ്ങേറി. സമീകൃത പോഷകാഹാരത്തിന്റെ പ്രാധാന്യമാണ് വാക്കത്തോണ് മുന്നോട്ട് വെക്കുന്നത്.എഫ്എസ്എസ്എഐയിലെ ടെക്നിക്കൽ ഓഫീസർമാരായ ശ്രീ. ഫൈറൂസ് ജസാഖ്, ഡോ. ഊർമ്മിള; സെൻട്രൽ ഫുഡ് സേഫ്റ്റി ഓഫീസർമാരായ ഡോ. അപർണ, സ്വാതി, അസിസ്റ്റന്റ് വിനീത് എന്നിവരുൾപ്പെടെ നിരവധി പ്രമുഖർ പരിപാടിയിൽ പങ്കെടുത്തു. ഈറ്റ് റൈറ്റ് ഇനിഷ്യേറ്റീവ് 2025 ന്റെ ഭാഗമായി, ഇന്നത്തെ പരിപാടിയിൽ ആവേശകരമായ പങ്കാളിത്തം ഞങ്ങളെ ആവേശഭരിതരാക്കി. ഹെർബലൈഫിൽ, ആരോഗ്യകരമായ സമൂഹം കെട്ടിപ്പടുക്കുന്നതിൽ നല്ല പോഷകാഹാരവും സജീവമായ ജീവിതശൈലിയും അത്യാവശ്യമാണ്.എഫ്എസ്എസ്എഐയുമായുള്ള ഞങ്ങളുടെ ദീർഘകാല പങ്കാളിത്തത്തിലൂടെ മികച്ച ജീവിതശൈലി തിരഞ്ഞെടുക്കുന്നതിൽ ജനങ്ങളെ പ്രാപ്തരാക്കും. ആരോഗ്യകരമായ ഒരു രാഷ്ട്രത്തെ ഒരുമിച്ച് വളർത്തിയെടുക്കുന്നതിൽ മാറ്റം കൊണ്ടുവരാൻ ഞങ്ങളും പങ്കാളികളായതിൽ അഭിമാനമുണ്ടെന്ന് ഹെർബലൈഫ് ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ അജയ് ഖന്ന പറഞ്ഞു.

# പുതിയ ക്യാംപയിനുമായി വിക്സ്

**കൊച്ചി :** വിക്സിന്റെ ശരിയായ പ്രയോഗത്തെക്കുറിച്ച് ഉപഭോക്താക്കളെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ ഇന്ത്യയിൽ നൂതനമായ 'വി ബനാവോ, വിക്സ് ലഗാവോ ടെക്നിക്ക്' എന്ന ക്യാമ്പയിൻ അവതരിപ്പിച്ചു. 2010ൽ പെൻസിൽവാനിയയിലെ പെൻ സ്റ്റേറ്റ് കോളേജ് ഓഫ് മെഡിസിനിൽ ഡോ. ഇയാൻ പോൾ നടത്തിയ ഒരു പഠനത്തിൽ, ചുമയും ജലദോഷവുമായി ബന്ധപ്പെട്ട ലക്ഷണങ്ങൾ ഉണ്ടാകുമ്പോൾ 90%ത്തിലധികം കുട്ടികളിലും ഉറങ്ങാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി കണ്ടെത്തിയതായി കമ്പനി അധികൃതർ വ്യക്തമാക്കി.

ചുമയ്ക്കും ജലദോഷത്തിനും പരിഹാരമായി ആഗോളതലത്തിൽ മുൻപന്തിയിലുള്ള വിക്സ്, ചുമയും ജലദോഷവും ഉറക്ക അസ്വസ്ഥതകൾക്ക് കാരണമാകുന്നതെങ്ങനെയെന്ന് തിരിച്ചറിഞ്ഞുകൊണ്ട്, ഈ ലക്ഷണങ്ങളിൽ നിന്ന് ഫലപ്രദമായ ആശ്വാസം നേടുന്നതിനാണ് ക്യാംപയിൻ ലക്ഷ്യമിടുന്നതെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## അന്താരാഷ്ട്ര ടെമ്പിൾ കൺവെൻഷനിൽ പങ്കെടുത്തത് 1500ൽ ഏറെ പ്രതിനിധികൾ

**കൊച്ചി:** ആത്മീയ കേന്ദ്രമായ തിരുപ്പതിയിൽ നടത്തിയ ഈ വർഷത്തെ അന്താരാഷ്ട്ര ടെമ്പിൾ കൺവെൻഷൻ ആന്റ് എക്സ്പോയിൽ പങ്കെടുത്തത് 1500ൽ ഏറെ പ്രതിനിധികൾ. ഹിന്ദുസം, സിക്കിസം, ബുദ്ധിസം, ജൈനിസം തുടങ്ങിയ വിഭാഗങ്ങളിൽ നിന്നായി ക്ഷേത്രങ്ങൾ, രാഷ്ട്രീയ നേതാക്കൾ, മത മേലധികാരികൾ തുടങ്ങിയവർ പങ്കെടുത്തു. ക്ഷേത്ര ഭരണങ്ങളുടെ ഭാവിക്കു രൂപം നൽകുന്നതിനും സുസ്ഥിരതയും സാങ്കേതിക സംയോജനവും ഉറപ്പാക്കുന്നതിനും ഒപ്പും സനാതന ധർമ്മത്തിന്റെ കാലാതീതമായ മൂല്യങ്ങൾ ഉറപ്പിക്കുകയും ചെയ്യുന്നതിനുള്ള വേദിയായി കൺവെൻഷൻ മാറി. ക്ഷേത്രങ്ങളുടെ സ്വയംഭരണം, സ്മാർട്ട് ടെമ്പിൾ മിഷൻ, ആഗോള തലത്തിലെ ഏറ്റവും മികച്ച രീതികൾ തുടങ്ങിയവ സംബന്ധിച്ചും കൺവെൻഷനിൽ ചർച്ച നട്ന്നു. ആഗോള തലത്തിലെ ക്ഷേത്രങ്ങളുടെ വൈവിധ്യത്തിൽ അടങ്ങിയിരിക്കുന്ന ഏകതയാണ് ഇവിടെ പ്രതിഫലിപ്പിക്കപ്പെടുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി തന്റെ അനുമോദന കത്തിൽ ചൂണ്ടിക്കാട്ടി. വസുദൈവക കുടുംബകം എന്ന ആശയത്തിന്റെ ആഘോഷം കൂടിയാണിതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവീസ്, ആന്ധ്രാ പദേശ് മുഖ്യമന്ത്രി എൻ ചന്ദ്രബാബു നായ്ഡു, ഗോവ മുഖ്യമന്ത്രി പ്രമോദ് സാവന്ത് തുടങ്ങിയവർ ആദ്യ ദിനത്തിൽ ഒരുമിച്ചു വേദിയിലെത്തി.




# ജർമ്മൻ സംഗീതബാൻഡ് ദി പ്ലേഫോർഡ്സ് കൊച്ചിയിൽ




**കൊച്ചി:** ജർമ്മൻ സാഹിത്യ ഇതിഹാസം ഗൊയ്ഥെയുടെ ജന്മനാടായ വെയ്മറിൽ നിന്നുള്ള പ്രശസ്ത സംഗീതബാൻഡായ ദി പ്ലേഫോർഡ്സ് ഫെബ്രുവരി 27 ന് കൊച്ചിയിലെത്തും. ചവറ കൾച്ചറൽ സെന്ററിൽ വൈകിട്ട് ഏഴിന് ദി പ്ലേഫോർഡ്സിന്റെ സംഗീതപരിപാടി അരങ്ങേറും.

ജർമ്മൻ സാംസ്കാരിക കേന്ദ്രമായ ഗൊയ്ഥെ സെൻട്രത്തിന്റെ ക്ഷണപ്രകാരമാണ് ദി പ്ലേഫോർഡ്സ് കേരളത്തിലെത്തിയത്. ഫെബ്രുവരി 24 ന്തിരുവനന്തപുരത്ത് പ്ലേഫോർഡ്സിന്റെ പരിപാടി അവതരിപ്പിച്ചിരുന്നു.17 മുതൽ 19 വരെ നൂറ്റാണ്ടുകളിലുള്ള ജർമ്മൻ ഗാനങ്ങളാണ് അവതരിപ്പിക്കുക. വിവിധ വാദ്യോപകരണങ്ങളുടെ അകമ്പടിയോടെയായിരിക്കും ഗാനാവതരണം.

ജോൺ, ഹെന്റി പ്ലേഫോർഡ് എന്നിവരുടെ 'ദി ഇംഗ്ലീഷ് ഡാൻസിങ് മാസ്റ്ററിൽ' നിന്ന് പ്രചോദനമുൾക്കൊണ്ട അഞ്ചംഗ സംഘമാണ് പ്ലേഫോർഡ്സിനു പിന്നിൽ. ബ്യോർൺ വെർണർ (വോക്കൽസ്), ആനെഗ്രറ്റ് ഫിഷർ (റെക്കോർഡർ), എറിക് വാർക്കന്തിൻ (ല്യൂട്ട്), ബെഞ്ചമിൻ ഡ്രെസ്ലർ (വയല ഡ ഗാംബ), നോറ തീലെ (പെർക്കുഷൻ) എന്നിവരാണ് ബാൻഡംഗങ്ങൾ.

2001 ൽ വെയ്മറിലാണ് ദി പ്ലേഫോർഡ്സ് രൂപീകൃതമായത്. പാരമ്പര്യലൂന്നിയുള്ള ചരിത്രപരമായ സംഗീത ശൈലികളെ സമകാലികരീതികളുമായി കൂട്ടിയിണക്കിയുള്ള ഇവരുടെ അവതരണ രീതി ലോകമെമ്പാടും പേരു കേട്ടതാണ്. ജർമ്മനിയ്ക്ക് പുറമെ നെതർലാൻഡ്സ്, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിലും പ്ലേഫോർഡ്സ് സംഗീതപരിപാടി അവതരിപ്പിക്കാറുണ്ട്.പൊതുജനങ്ങൾക്ക് പരിപാടിയിലേക്കുള്ള പ്രവേശനം സൗജന്യമാണ്.